# 43

# മഹാ വഞ്ചകൻ
## (വെളിപ്പാട് 13:11-18)

പിശാച് ക്രിസ്ത്യാനികളെ നശിപ്പിക്കുവാൻ ശ്രമിക്കുന്ന ഒരു രീതിയാണ് ഭീഷണി. മറ്റൊന്നാണ് വഞ്ചന. അദ്ധ്യായം 12-ൽ, "ഭൂതലത്തെ മുഴുവൻ *വഞ്ചിക്കുന്ന ...* സാത്താനായിട്ടാണ്" സർപ്പത്തെ തിരിച്ചറിയിച്ചത് (വാ. 9; എംഫസിസ് മൈൻ).[1] ഏദെൻ തോട്ടത്തിൽ, പിശാച് (സർപ്പം) ഹവ്വയെ വഞ്ചിച്ചു (ഉൽപത്തി 3:13), അന്നു മുതൽ മനുഷ്യവർഗത്ത വഞ്ചിച്ചുകൊണ്ടാണിരിക്കുന്നത്. പൗലൊസ് എഴുതി, "എന്നാൽ സർപ്പം ഉപായത്താൽ ഹവ്വയെ ചതിച്ചതുപോലെ നിങ്ങളുടെ മനസ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായി പോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു" (2 കൊരിന്ത്യർ 11:3). "വഞ്ചിക്കപ്പെടരുത്" എന്ന് ബൈബിളിൽ ഉടനീളം ക്രിസ്ത്യാനികളെ മുന്നറിയിച്ചിരിക്കുന്നു (1 കൊരിന്ത്യർ 6:9, 15:33; ഗലാത്യർ 6:7; യാക്കോബ് 1:16; ആവർത്തനപുസ്തകം 11:16).

നമ്മുടെ കഴിഞ്ഞ പാഠത്തിൽ, സാത്താന്റെ ഭീഷണി ഏജന്റ്: കടൽ ജന്തുവിനെ കുറിച്ചാണ് നാം പഠിച്ചത് (13:1-10). ഈ പാഠത്തിൽ, സാത്താന്റെ വഞ്ചന ഏജന്റ്: കര ജന്തുവിനെ കുറിച്ചാണ് നാം പഠിക്കുന്നത് (13:11-18). ഈ രണ്ടാമത്തെ മൃഗം "ഭൂമിയിൽ വസിക്കുന്നവരെ വഞ്ചിക്കുന്നു"[2] എന്നാണ് വാക്യം 14 പറയുന്നത്. പിശാച് നമ്മെ വഞ്ചിക്കുവാൻ ശ്രമിക്കുന്ന ചില വഴികൾ വേദഭാഗം നമ്മെ പഠിപ്പിക്കുന്നു - നാം നമ്മുടെ കണ്ണ് കർത്താവിൽ തന്നെ ഉറപ്പിക്കുകയാണെങ്കിൽ, അവന് അങ്ങനെ ചെയ്യുവാനുള്ള കഴിവില്ലായ്മയും അവിടെ എടുത്തുകാണിക്കുന്നുണ്ട്.

### അവൻ അല്ലാത്തതാണെന്ന് തോന്നിപ്പിക്കുന്നു (13:11, 12, 14-17)

യോഹന്നാൻ പറഞ്ഞു, "മറ്റൊരു മൃഗം ഭൂമിയിൽനിന്നു കയറുന്നതു ഞാൻ കണ്ടു"[3] (വാ. 11). ഒരുപക്ഷെ യോഹന്നാൻ കണ്ടത് ഇതുപോലെയായിരിക്കാം:[4] കടൽ ജന്തുവിനെ സർപ്പം സ്വാഗതം ചെയ്തപ്പോൾ അടുത്തുള്ള ഭൂമി വിറച്ചതുപോലെ, ഭൂമിയിൽ വിള്ളലുണ്ടാകയും, അന്തരീക്ഷത്തിൽ പൊടിപടലം ഉയരുകയും ചെയ്തു. വയലിന്റെ ഉപരിതലം ദൃഢവും ഉന്തിനിൽക്കുന്നതുമായിരിക്കും. ശക്തിയും ബലവുമുള്ള എന്തും പോരാടുവാനായി ഉപരിതലത്തിലേക്ക് കയറും. മണ്ണിൽനിന്നു കയറി വന്നത് ഏതു തരത്തിലുള്ള വിചിത്ര ജന്തുവായിരിക്കും?

### അവൻ ഏതുപോലെ ഇരുന്നു

ആ ജന്തുവിനെ മുഴുവൻ കണ്ടപ്പോൾ, അത് ഉപദ്രവിക്കാത്ത നിഷ്ക്കളങ്ക ജന്തുവാണെന്ന് ബോധ്യമായി: "കുഞ്ഞാടിനുള്ളതുപോലെ രണ്ട് കൊമ്പ് അതിനുണ്ടായിരുന്നു" (വാ. 11). മറ്റ് വിശദാംശങ്ങൾ നൽകിയിട്ടില്ല, പക്ഷെ കുഞ്ഞാടിനെ-പോലെയായിരുന്നു പൊതുവിൽ അത് കാണപ്പെട്ടത്.[5] കൊമ്പുകൾ ആലങ്കാരികമായി ശക്തിയെയാണ് കാണിക്കുന്നത്, എന്നാൽപോലും

ഉപദ്രവരഹിതമായ അതിന്റെ സ്വഭാവത്തിൽനിന്ന് അത് വ്യതിചലിച്ചില്ല - അവ "കുഞ്ഞാടിനുള്ളതുപോലെയുള്ള" കൊമ്പുകളായിരുന്നു, അവ കമ്പിളിരോമത്തിനു മുകളിലേക്ക് ചെറിയ എല്ലുകൾ ഉന്തി നിൽക്കുന്നതുപോലെയായിരുന്നു.[6]

എങ്ങനെയായാലും, മൃഗം തന്റെ വായ് തുറന്നപ്പോൾ, അത് വഞ്ചിക്കുന്നതാണെന്ന് വ്യക്തമാക്കുന്നു: "അവൻ *സർപ്പത്തെ പോലെ* സംസാരിച്ചു" (വാ. 11; എംഫസിസ് മൈൻ). ചെന്നായ്ക്കൾ ആടുകളുടെ വേഷത്തിൽ വരുമെന്ന് യേശു ശിഷ്യന്മാർക്ക് മുന്നറിയിപ്പു നൽകിയിരുന്നു (മത്തായി 7:15); സർപ്പം കുഞ്ഞാടിന്റെ വേഷത്തിൽ വരുമെന്നാണ് യോഹന്നാൻ ഇപ്പോൾ തന്റെ വായനക്കാരെ മുന്നറിയിക്കുന്നത്.

"സർപ്പത്തെ പോലെ" സംസാരിച്ചതുകൊണ്ട് ചിലർ വിചാരിക്കുന്നത്, കുഞ്ഞാടിന്റെ-വ്യാജശബ്ദമായിരുന്നു എന്നാണ്. "പിശാചും സാത്താനുമായ പഴയ പാമ്പിനെ പോലെ" - സംസാരിച്ചുകാണുമെന്നാണ് ഞാൻ ഊഹിക്കുന്നത് (വെളിപ്പാട് 12:9).[7] ഒരു മത-കലാകാരന്റെ ഇമ്പമുള്ള സ്വരമാണ് എന്റെ മനസിൽ, എനിക്ക് കേൾക്കുവാൻ കഴിയുന്നത്.

ഞാൻ "മത-കലാകാരൻ" എന്നു പറയുവാൻ കാരണം വെളിപ്പാടിൽ മറ്റുഭാഗങ്ങളിൽ, ആ കര ജന്തുവിനെ "കള്ള പ്രവാചകൻ" എന്നാണ് വിളിച്ചിരിക്കുന്നത് (16:13; 19:20; 20:10); അവന്റെ വൈദഗ്ദ്ധ്യം മതത്തിലായിരുന്നു. ആദ്യ മൃഗത്തെ നമസ്ക്കരിക്കുവാൻ ആളുകളെ പ്രേരിപ്പിക്കുകയായിരുന്നു അവന്റെ പ്രാഥമികലക്ഷ്യം (വാ. 12). നാം ആദ്യത്തെ മൃഗത്തെ "ക്രിസ്ത്യാനി-ക്കെതിരായ രാഷ്ട്രീയ ശക്തി" എന്നു വിളിച്ചിരിക്കുന്നു. നമുക്ക് രണ്ടാമത്തെ മൃഗത്തെ "ക്രിസ്ത്യാനി-ക്കെതിരായ മതപരമായ ശക്തി" എന്നു വിളിക്കാം.

സഭയും രാജ്യവും വേറിട്ട് നിൽക്കുന്ന സ്ഥലങ്ങളിൽ വളർത്തപ്പെട്ട നമുക്ക് പിശാചിന്റെ രാഷ്ട്രീയ ശക്തിയും മതപരമായ ശക്തിയും യോജിപ്പിച്ചുകൊണ്ടുപോകുന്നത് അസാധാരണമായി തോന്നിയേക്കാം. നേരെ മറിച്ച്, ഈ പാഠം പഠിക്കുന്നവർക്ക് അത് അസാധാരണമായി തോന്നുകയില്ല. മാറ്റമില്ലാത്ത ഒരവസ്ഥയുണ്ടാകുന്നതിന്, ലോകത്തിൽ പല വിധത്തിലുള്ള രാഷ്ട്രീയ ശക്തിയും മതപരമായ ശക്തിയും ഒരുമിപ്പിച്ചുകൊണ്ടുള്ള ഒരു ശക്തിയായി പോകുന്നുണ്ട്.

*അവൻ കണ്ടതുപോലെ ആയിരുന്നില്ല* എന്നതായിരുന്നു കര ജന്തുവിന്റെ പ്രാഥമിക സ്വഭാവം. അനുകരിച്ചിരിക്കുന്ന കൃത്രിമമായതെന്തും മിക്കവാറും വഞ്ചിക്കുന്നതായിരിക്കും. അങ്ങനെ ആ മൃഗം പുറമെ കുഞ്ഞാടിനെ പോലെ തോന്നിച്ചിരുന്നു. വാസ്തവത്തിൽ, അവൻ ആടിന് എതിരായ ഒന്നായിരുന്നു. അവനിൽ ഉപദ്രവരാഹിത്യമോ നിഷ്ക്കളങ്കതയോ ഇല്ലായിരുന്നു.

(1) "അവൻ ഒന്നാമത്തെ മൃഗത്തിന്റെ മുൻപാകെ അതിന്റെ എല്ലാ അധികാരവും നടത്തി"[9] (വാ. 12). ആദ്യത്തെ മൃഗത്തിന് സർപ്പത്തിന്റെ അധികാരം കൊടുത്തിരുന്നു (13:2, 4), "അത്, സകലഗോതത്രത്തിന്മേലും, വംശത്തിന്മേലും, ഭാഷമേലും, ജാതിമേലും ആയിരുന്നു" (13:7), അത് ഏറ്റവും മതിക്കപ്പെട്ട അധികാരമായിരുന്നു!

(2) പ്രത്യേകമായി, "ഭൂമിയേയും ഭൂമിയിൽ വസിക്കുന്നവരേയും" ആദ്യത്തെ മൃഗത്തെ നമസ്ക്കരിക്കുവാൻ പ്രേരിപ്പിക്കുന്ന അധികാരമായിരുന്നു അതിനുണ്ടായിരുന്നത്, അതിന് ഏറ്റതായ മാരകമായ മുറിവ് ഉണ

ങ്ങിയിരുന്നു.[11] (വാ. 12). "ഭൂമിയിലുള്ളവരോട് ഒരു പ്രതിമ[12] ഉണ്ടാക്കുവാൻ പറയുന്നതും ഇതിൽ ഉൾപ്പെടും" (വാ. 14). മൃഗത്തെ നമസ്ക്കരിക്കുവാനും (വാ. 12), "മൃഗത്തിന്റെ പ്രതിമയെ നമസ്ക്കരിപ്പാനും നിർബ്ബന്ധിച്ചു" (വാ. 15).

(3) അവസാനമായി, മൃഗത്തെയും പ്രതിമയെയും നമസ്ക്കരിക്കാതിരുന്ന ഏതൊരാളെയും ശിക്ഷിക്കുവാനുള്ള അധികാരവും അവനു ലഭിച്ചിരുന്നു. സാമ്പത്തിക ഞെരുക്കം വരുത്തുന്നതായിരുന്നു ഒരു രീതി. പ്രതിമയെ നമസ്ക്കരിച്ചിരുന്നവരുടെ "വലതുകയ്യിലോ അല്ലെങ്കിൽ നെറ്റിയിലോ മുദ്ര അടയാളപ്പെടുത്തിയിരുന്നു" (വാ. 16). "മുദ്രയില്ലാത്തവർക്ക്, വാങ്ങുവാനോ വിൽക്കുവാനോ വഹിയാതാക്കി" (വാ. 17). "വ്യക്തികളെ വാങ്ങുന്നതും വിൽക്കുന്നതും വിലക്കിയിരുന്നു എങ്കിൽ, അവർക്ക് സാമൂഹ്യജീവിതത്തിൽ ബന്ധപ്പെടുവാൻ കഴിയാത്തവിധം, പുറജാതിക്കാരായി പുറത്താക്കിയിരുന്നു."[13] അവനെ പിൻപറ്റുവാൻ മടിച്ചവരെ ഒന്നുകിൽ അടിമകളാക്കുകയോ അല്ലെങ്കിൽ പട്ടിണി കിടക്കുവാനായി വിടുകയോ ചെയ്യുമായിരുന്നു.[14]

"പ്രതിമയെ നമസ്ക്കരിക്കാതിരുന്നവരെ ഒക്കെ കൊല്ലുവാൻ" കള്ളപ്രവാചകനും അധികാരം ലഭിച്ചിരുന്നു (വാ. 15).[15] നെബൂഖെദ്നേസരുടെ പ്രതിമയെ നമസ്ക്കരിക്കുവാൻ കൂട്ടാക്കാതിരുന്ന മൂന്ന് എബ്രായ ബാലന്മാരെ തീച്ചൂളയിലെറിഞ്ഞ സംഭവം നാം ഓർക്കുന്നു (ദാനിയേൽ 3).

**അവൻ ആരായിരുന്നു (ഇപ്പോൾ ആരാണ്)**

ഈ മൃഗം ആരായിരുന്നു? ആദ്യത്തെ മൃഗം റോമാ ചക്രവർത്തിയാണെന്ന് നാം ശരിയായി തിരിച്ചറിഞ്ഞുവെങ്കിൽ,[16] പിന്നെ യോഹന്നാന്റെ കാലത്തെ രണ്ടാമത്തെ മൃഗം, ചക്രവർത്തിയാരാധന ചുമത്തിയിരുന്ന സംഘടനകളായിരുന്നു. ബ്രൂസ് മെറ്റ്സ്ജർ എഴുതി,

> ജൂലിയസ് സീസർ മുതൽ, റോമാ ചക്രവർത്തിമാർ, തങ്ങളെ തന്നെ ദൈവങ്ങളാക്കി ആരാധനക്കും ആദരവിനും കൽപിച്ചിരുന്നു, ആരംഭത്തിലുണ്ടായിരുന്നവരുടെ മരണശേഷം, പിന്നീട് വന്ന ചക്രവർത്തിമാരും അവരുടെ കാലയളവിലും അത് തുടർന്നു ... തന്നെ ആളുകൾ "കർത്താവും, ദൈവവുമായുള്ളോവേ" എന്നു വിളിക്കണമെന്ന് ആവശ്യപ്പെട്ടു. മിക്ക പട്ടണങ്ങളിലും, അത്തരം "ദൈവങ്ങൾക്ക്" ക്ഷേത്രങ്ങളും ഉണ്ടാക്കി ... അത് സ്വർഗത്തിലെ സത്യ ദൈവത്തെ നിന്ദിക്കുന്നതായിരുന്നു.
>
> ആ നയം ചക്രവർത്തി സംസ്ക്കാരമായിത്തീർന്നതാണെങ്കിലും, പ്രാദേശികവികാരമുണർന്ന് രാജാവിനെത്തന്നെ അവർ കൊന്നുകളഞ്ഞു. ആ രാഷ്ട്രീയ പ്രവർത്തനങ്ങളെ രണ്ടാമത്തെ മൃഗമാണ് പ്രതിനിധീകരിച്ചത്. ...[17]

ഒരു പ്രത്യേക സംഘടനയെ റേ സമ്മേഴ്സ് പറയുന്നു:

> ആസ്യയിലെ ദേശിയമതമായി ഒരു "സമൂഹത്തെ" അല്ലെങ്കിൽ "സമുദായത്തെ" മാറ്റിയെടുക്കുന്ന ഒരു ജന്തു ആയിരുന്നു രണ്ടാമത്തെ [കര ജന്തു] എന്നാണ് ആ സ്വഭാവങ്ങളെല്ലാം വ്യക്തമാക്കുന്നത്. ആ സംഘടനയുടെ ഉത്തരവാദിത്വത്തിലായിരുന്നു ദേശിയ മതം പ്രവർത്തിച്ചിരുന്നതും ചക്രവർത്തിയുടെ പ്രതിമയെ നമസ്ക്കരിക്കുവാൻ ജനങ്ങളെ

പ്രേരിപ്പിച്ചിരുന്നതും.[18]

"ചക്രവർത്തിയാരാധന പരിശീലിക്കുവാനായി ജനത്തെ പ്രേരിപ്പിക്കുകയും, അതിനോടനുബന്ധിച്ച് പൗരോഹിത്യവും, ബലിപീഠവും, റോമാ ദേവതയുടെ പ്രതിമയും ഭരിക്കുന്ന ചക്രവർത്തിയുടെ പ്രതിമയും"[19] എല്ലാം ചേർത്ത് വെളിപ്പാട് പുസ്തകത്തിലെ രണ്ട് മൃഗങ്ങൾ ക്രിസ്ത്യാനികളുടെ മേൽ അവിശ്വസനീയമായ സമ്മർദ്ദം ചെലുത്തി. ട്രാജൻ ചക്രവർത്തിക്കുള്ള പ്ലിനിയുടെ (ബിഥുന്യയിലെ നാടുവാഴി) ഒരു കത്ത് ഇപ്രകാരമായിരുന്നു,

> പേർ വയ്ക്കാത്ത ഒരു രേഖ പലരുടേയും പേർക്ക് വരികയുണ്ടായി ക്രിസ്ത്യാനികളല്ലാത്തവരും ഒരിക്കലും ക്രിസ്ത്യാനികളാകാത്തവരും എന്റെ സന്നിയിൽ ദൈവങ്ങളുടെ മുൻപിൽ വീണ്ടും, ധൂപവർഗവും നിന്റെ പ്രതിമയുടെ മുമ്പിൽ അർപ്പിച്ചു, പക്ഷെ വാസ്തവത്തിലുള്ള ക്രിസ്ത്യാനികൾ അത് ഒരിക്കലും ചെയ്യുകയില്ല.[20]

വെളിപ്പാട് പുസ്തകത്തിലെ രണ്ട് മൃഗങ്ങൾ ക്രിസ്ത്യാനികളുടെ മേൽ അവിശ്വസനീയമായ സമ്മർദ്ദം ചെലുത്തി.

> ചക്രവർത്തിയുടെ പ്രതിമക്ക് ധൂപവർഗ്ഗം അർപ്പിക്കുവാൻ കൂട്ടാക്കാത്തവരുടെ രാഷ്ട്രീയ പൗരാവകാശം നിഷേധിക്കുകയും, സാമൂഹ്യമായി അവരെ ഭ്രഷ്ടാക്കുകയും, സാമ്പത്തികമായി ഞെരുക്കുകയും ചെയ്യുന്നതുകൊണ്ട് ഫലം ഉണ്ടായില്ലെങ്കിൽ, അവരെ പർവ്വതങ്ങളിലേക്കോ അല്ലെങ്കിൽ കടലിലുള്ള ദ്വീപുകളിലേക്കോ നാട് കടത്തി മരിക്കുവാൻ ഏല്പിച്ചു വിടുകയോ വന്യമൃഗങ്ങൾക്ക് എറിഞ്ഞു കൊടുക്കയോ, ക്രൂശിൽ തറെപ്പിക്കയും, പിശാചിന്റെ ബുദ്ധിയിലുദിക്കുന്ന ഏത് ഹീനകൃത്യവും ചെയ്യും. നസ്രായനിലുള്ള ആളുകളുടെ വിശ്വാസം ഇല്ലാതാക്കുവാനും സഭയെ തുടച്ചുനീക്കുവാനും ഭരണതലത്തിലുള്ള അധികാരവും മതാധികാരവും ഒത്തു ചേർന്ന് പ്രവർത്തിക്കയായിരുന്നു.[21]

റോമിനെ സംബന്ധിച്ച്, ചക്രവർത്തിമാരുടെ ആഹ്ലാദത്തിനും അഹന്തക്കുമപ്പുറമായി, ഒരു ഉദ്ദേശമുണ്ടായിരുന്നു: "സാമ്രാജ്യത്തിന് ഇല്ലാതിരുന്നതും ഉണ്ടാകേണ്ടിയിരുന്നതുമായ ... ആന്തരികമായ ഒരു ഐക്യം ഈ ചക്രവർത്തിയാരാധനാ സംസ്ക്കാരത്തിലൂടെ കൈവരിക്കുവാനായി."[22] റോമൻ ഉദ്യോഗസ്ഥർക്ക് ആവശ്യമായിരുന്നത്, അന്യായമായിരുന്നില്ല, എന്നുകൂടെ മനസിലാക്കുക. അവരുടെ അപേക്ഷ നമുക്ക് ഊഹിക്കാവുന്നതേയുള്ളു: "റോം നിങ്ങൾക്കായി ചെയ്തത് നോക്കുക; നിങ്ങൾ അനുഭവിക്കുന്ന സമൃദ്ധിയും സമാധാനവും നോക്കുക; ചക്രവർത്തിയേക്കാൾ പ്രയോജനമുള്ള മറ്റാരെങ്കിലും ഉണ്ടോ? വെറും നന്ദി സൂചകമായി നിങ്ങൾക്ക് അവനെ ഒന്ന് നമസ്ക്കരിക്കാം."[23] സത്യം പറയട്ടെ, ക്രിസ്ത്യാനികൾ ധൈര്യത്തോടെ പ്രതിമയെ നമസ്ക്കരിക്കുന്നത് നിഷേധിച്ചത് ഉദ്യോഗസ്ഥരെ രോഷാകുലരാക്കി.

ആളുകൾക്ക് ഇന്ന് ("ക്രിസ്ത്യാനികൾ" എന്ന് അവകാശപ്പെടുന്നവർക്ക് പോലും) പ്രതിമയെ നമസ്ക്കരിക്കുന്നതിൽ തെറ്റ് ഒന്നും കാണുവാൻ കഴിയുന്നില്ലായിരിക്കാം, പക്ഷെ യോഹന്നാന് അത് അന്തിമ ദൈവദൂഷണമായി

രുന്നു. വെളിപ്പാട് പുസ്തകത്തിൽ, മൃഗത്തെയും മൃഗത്തിന്റെ പ്രതിമയെയും നമസ്ക്കരിക്കുന്നത് അവിശ്വാസികളുടെ സ്വഭാവമായിരുന്നു (14:9, 11; 16:2; 19:20; 20:4; 15:2 കുടെ നോക്കുക).[24] "വിഗ്രഹങ്ങളെ വിട്ട് സത്യദൈവത്തിലേക്ക് തിരിഞ്ഞു ജീവിക്കുവാനാണ്" കർത്താവ് എല്ലാവരോടും ആഹ്വാനം ചെയ്യുന്നത് (1 തെസലോനിക്യർ 1:9).[25]

കര ജന്തു ചക്രവർത്തിയാരാധന പ്രേരിപ്പിക്കുന്ന സംഘടനകളാണെന്ന് മനസിലാക്കിയതുകൊണ്ട്, വേദഭാഗം നമുക്ക് ഒന്നും അർത്ഥമാക്കുന്നില്ലേ? നമ്മുടെ രാഷ്ട്രീയ നേതാക്കന്മാർ അവരെ നമസ്ക്കരിക്കുവാൻ നമ്മോട് ആവശ്യപ്പെടുന്നില്ലായിരിക്കാം; നമ്മുടെ നേതാക്കന്മാരുടെ പ്രതിമകളെ നമസ്ക്കരിക്കുവാൻ കൂട്ടാക്കാത്തതിനു, "ഞങ്ങളുടെ ഏക നായകൻ ദൈവമാണ്!" എന്ന് പറയേണ്ട ആവശ്യവുമില്ലായിരിക്കാം. എങ്കിലും, അദ്ധ്യായം 13 ലെ വാക്യം 9 എല്ലാ കാലത്തേക്കും ഒരു സന്ദേശം നൽകുന്നുണ്ട്: "കേൾപ്പാൻ, ചെവിയുള്ളവൻ കേൾക്കട്ടെ."

മതപരമായ സ്വാതന്ത്ര്യം നിഷേധിക്കുവാനായി ചില ദേശങ്ങളിൽ ദേശവും മതവും ഒരുമിച്ച് പ്രവർത്തിക്കുന്നുണ്ട്. ആൽബർട്ട് ബാൽഡിഞ്ചർ പറഞ്ഞു, "യോഹന്നാൻ പറയുന്ന ഭൂമിയിൽനിന്നു-കയറിയ മൃഗം പ്രാഥമികമായി സൂചിപ്പിക്കുന്നത് കൈസറിനെ ആരാധിക്കുന്നതിനെ കുറിച്ചാണെങ്കിലും, രാഷ്ട്രീയ ലക്ഷ്യത്തിന് അടിയറവ് വെച്ച് വ്യഭിചാരം ചെയ്യുന്ന ഏതൊരു മതവും ഇതിന്റെ പ്രായോഗികതയിൽ പെടുന്നതാണ്."[26] രാഷ്ട്രീയ നേതാക്കൾ തങ്ങളുടെ ലാഭത്തിന് മതത്തെ നശിപ്പിക്കുന്നതിനേക്കാൾ അതിനെ കോട്ടിക്കളയുന്നതാണ് നല്ലതെന്ന് മനസിലാക്കി കഴിഞ്ഞിരിക്കുന്നു.

എങ്ങനെയായാലും, അത് ആലങ്കാരികതയുടെ പ്രാധാന്യത്തെ ക്ഷീണിപ്പിക്കുന്നില്ല. കര ജന്തുവിന് പ്രത്യേകമായി ഉണ്ടായിരുന്നതും - ഇപ്പോഴുള്ളതുമായ വരം - വഞ്ചിക്കുവാനും, മനുഷ്യരെ തെറ്റായ ആരാധനയിലേക്ക് നയിക്കുവാനും ഉള്ള കഴിവാണ്. "പോപ് തുടങ്ങി പല തെറ്റായ മതസംവിധാനങ്ങളും, തെറ്റായ എല്ലാ ആരാധനാ രീതികളും പ്രതിഫലിപ്പിക്കുന്നതാണ്,"[27] കര ജന്തു എന്ന് ഹോമർ ഹെയ്‌ലി പറഞ്ഞു.

ദുരുപദേഷ്ടാക്കന്മാർ എഴുന്നേൽക്കുന്നതിനെ കുറിച്ച് പുതിയനിയമത്തിൽ വളരെ പറയുന്നുണ്ട്. "കള്ളപ്രവാചകന്മാർ പലരും വന്ന് അനേകരെ തെറ്റിക്കും" എന്ന്, യേശു പറഞ്ഞു (മത്തായി 24:11; കൂടാതെ മത്തായി 7:15; 24:24; മർക്കൊസ് 13:22 നോക്കുക). പത്രൊസ് മുന്നറിയിച്ചത് "എന്നാൽ കള്ളപ്രവാചകന്മാരും ജനത്തിന്റെ ഇടയിൽ ഉണ്ടായിരുന്നു ..." (2 പത്രൊസ് 2:1). അവരെ കുറിച്ച് യോഹന്നാൻ പറഞ്ഞത്, "നിങ്ങളെ ... തെറ്റിക്കുന്നവർ" എന്നാണ് (1 യോഹന്നാൻ 2:26). രണ്ടാമത്തെ മൃഗത്തിന്റെ മനോഭാവം ഇന്ന് ദുരുപദേഷ്ടാക്കന്മാരിൽ കടന്നുകൂടി ലോകത്തിലെങ്ങും ദശലക്ഷക്കണക്കിന് ആളുകളെ വഞ്ചിച്ചുകൊണ്ടിരിക്കുകയാണ്.

ദുരുപദേഷ്ടാക്കന്മാരെ എളുപ്പത്തിൽ തിരിച്ചറിയുവാൻ കഴിയുമോ? ഇല്ല. കാരണം ഇപ്പോഴും പിശാചിന്റെ ഏജന്റ്മാർ തങ്ങൾ അല്ലാത്ത വിധത്തിലാണ് പ്രത്യക്ഷമാകുന്നത്. ചിലർ "ക്രിസ്തുവിന്റെ അപ്പൊസ്തലന്മാർ" എന്നു അവകാശപ്പെട്ടു വന്നാൽ അതിശയിക്കരുത് എന്ന് പൗലൊസ് പറഞ്ഞിട്ടു തുടരുന്നു, "സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നു. ആകയാൽ അവന്റെ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമല്ല" (2 കൊരിന്ത്യർ 11:14, 15).

ദുരുപദേഷ്ടാക്കന്മാർ ആദ്യം നല്ല പ്രതീതിയാണ് ജനിപ്പിക്കുക. യേശുവിന്റെ പുത്രത്വത്തെ നിഷേധിക്കുന്ന ഒരു കൂട്ടം ആളുകൾ "ക്രിസ്ത്യാനികൾ" എന്നാണ് അറിയപ്പെടുന്നത്. തങ്ങൾ കുടുംബ-പരമാണ് എന്ന് വരുത്തി തീർക്കുവാൻ അടുത്ത സമയത്ത് അവർ ദശലക്ഷക്കണക്കിന് രൂപയാണ് പരസ്യങ്ങൾക്കായി ടെലിവിഷനിൽ ചെലവിട്ടത്. കുടുംബ ബന്ധങ്ങൾ ശിഥിലമായിക്കൊണ്ടിരിക്കുന്ന സമൂഹത്തിന് അത് കേൾക്കുമ്പോൾ ഇഷ്ടപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല.

കള്ളപ്രവാചകന്മാർക്ക് ദൈവഭക്തിയുടെ മൂഖപ്പ് ഇടുവാൻ കഴിയുമെങ്കിൽ, അവരുടെ വഞ്ചനയിൽ എങ്ങനെ കുടുങ്ങാതിരിപ്പാൻ കഴിയും? യോഹന്നാൻ പറഞ്ഞു, "ഏതാത്മാക്കളെയും വിശ്വസിക്കാതെ, ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയോ എന്നു *ശോധന* ചെയ്വിൻ" (1 യോഹന്നാൻ 4:1; എംഫസിസ് മൈൻ). അവരെ എങ്ങനെ ശോധന ചെയ്യാം? വചനത്താൽ. വചനത്താൽ അവരുടെ *ഉപദേശത്തെ* നാം പരിശോധിക്കണം - പുറമെ സംശയിക്കാതെ തൂങ്ങിക്കിടക്കുന്നത് മാത്രമല്ല - എല്ലാ ഉപദേശത്തെയും പരിശോധിക്കണം. കൂടാതെ, അവർ വചനത്താൽ *ജീവിക്കുന്നുണ്ടോ* എന്ന് നാം പരിശോധിക്കണം. നാം "മനുഷ്യരുടെ ചതിയാലും ഉപായത്താലും തെറ്റിച്ചു കളയുന്ന തന്ത്രങ്ങളിൽ കുടുങ്ങിപ്പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാറ്റിൽ ഉലയുന്ന ശിശുക്കൾ" ആകരുത് (എഫെസ്യർ 4:14). പൗലൊസ് പറഞ്ഞു,

> ... സഹോദരന്മാരെ നിങ്ങൾ പഠിച്ച ഉപദേശരൂപത്തിന് വിപരീതമായ ദ്വന്ദ്വപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളേണമെന്ന് ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു ... അവരോട് അകന്നു മാറുവിൻ. അങ്ങനെയുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിനെയല്ല, ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞു സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിച്ചുകളയുകയും ചെയ്യുന്നു (റോമർ 16:17, 18).

പൗലൊസിന്റെ ഉപദേശത്തെ ദൈവവചനവുമായി ബെരോവയിലുള്ളവർ ശോധന ചെയ്യുകയുണ്ടായി (പ്രവൃത്തികൾ 17:11). അത്തരം പരിശോധനകൾ സത്യോപദേഷ്ടാക്കളെ ഒരിക്കലും പരിഹസിക്കുകയില്ല. "ഞാൻ പറയുന്നതിനെ, ഞാൻ പറയുന്നതുകൊണ്ട് മാത്രം വിശ്വസിക്കരുത്," എന്ന് എന്റെ ശ്രോതാക്കളോട് ഞാൻ പറയാറുണ്ട്. എല്ലാ ഉപദേശവും ദൈവവചനവുമായി ഒത്തുനോക്കണം.

"എന്റെ സഹോദരന്മാരേ, വഞ്ചിക്കപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ" (യാക്കൊബ് 1:16)!

## തനിക്ക് ഇല്ലാത്ത ശക്തിയുണ്ടെന്ന് അവൻ അവകാശപ്പെടുന്നു (13:13-15)

കര ജന്തുവിന് ഭീഷണിപ്പെടുത്തുവാനുള്ള കഴിവുണ്ടായിരുന്നു. പക്ഷെ അവന്റെ ഏറ്റവും വലിയ കഴിവ് വഞ്ചിക്കുന്നതിനായിരുന്നു. വ്യാജ-മതത്തെ പ്രോൽസാഹിപ്പിക്കുകയായിരുന്നു കള്ളപ്രവാചകന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം.

അദ്ധ്യായം 11-ൽ വാസ്തവത്തിലുള്ള പ്രവാചകന്മാർ വാസ്തവത്തിലുള്ള

അത്ഭുതങ്ങൾ ചെയ്തു വാസ്തവത്തിലുള്ള മതത്തെ പ്രോൽസാഹിപ്പിച്ചതായി പറയുന്നു.[28] അതുകൊണ്ട് കള്ളപ്രവാചകന്മാർ വ്യാജ അത്ഭുതങ്ങൾ ചെയ്ത് തങ്ങളുടെ വ്യാജമതത്തെ പ്രോൽസാഹിപ്പിച്ചതിൽ അതിശയിക്കുവാനില്ല. "അവൻ വലിയ അടയാളങ്ങൾ ചെയ്യുന്നതായി" അദ്ധ്യായം 13 പറയുന്നു (വാ. 13). യോഹന്നാൻ അത്ഭുതങ്ങൾ എന്നതിന് മിക്കവാറും ഉപയോഗിച്ചിരിക്കുന്ന വാക്ക് "അടയാളം" എന്നതാണ്. "മൃഗത്തിന്റെ മുമ്പിൽ ഭൂവാസികൾക്കിടയിൽ[29] അത്ഭുതങ്ങൾ ചെയ്യുവാൻ കഴിഞ്ഞതുകൊണ്ട്" കര ജന്തുവിന് വഞ്ചിക്കുവാൻ കഴിഞ്ഞു (വാ. 14; 19:20 നോക്കുക).

രണ്ട് പ്രത്യേക അത്ഭുതങ്ങളെ പറഞ്ഞിരിക്കുന്നു: ഒന്ന്, "മനുഷ്യർ കാൺകെ[30] ആകാശത്തുനിന്ന് തീ ഇറങ്ങുമാറാക്കി" (വാ. 13). പ്രവാചകനായിരുന്ന ഏലിയാവ് ആകാശത്ത് നിന്നു തീ ഇറക്കി (2 രാജാക്കന്മാർ 1:10, 12); അതുപോലെ തങ്ങൾക്കും ആകാശത്തു നിന്നു തീ ഇറക്കുവാൻ കഴിയുമെന്ന് കള്ളപ്രവാചകന്മാർ *തോന്നിപ്പിച്ചു*. രണ്ട്, "മൃഗത്തിന്റെ പ്രതിമ സംസാരിക്കുവാൻ ബലം ലഭിക്കേണ്ടതിന് അതിന് ആത്മാവിനെ കൊടുപ്പാനും ശക്തി ലഭിച്ചു" (വെളിപ്പാട് 13:15). ജീവനില്ലാത്തവക്ക് ജീവശ്വാസം കൊടുക്കുക എന്നത് ദൈവത്തിന്റെ പ്രത്യേകതകളിൽ ഒന്നാണ് (ഉൽപത്തി 2:7); അതുകൊണ്ട് കള്ളപ്രവാചകൻ, "പ്രതിമക്ക് ജീവൻ കൊടുത്തു സംസാരിപ്പിച്ചുകൊണ്ട് താൻ ദൈവമാണെന്ന് ആളുകളെ വിശ്വസിപ്പിക്കുകയായിരുന്നു" ചെയ്തത്.

അത്ഭുതങ്ങൾ ചെയ്യുന്നതു കാണുമ്പോൾ ചിലർ അതിശയിച്ചുപോകും (അല്ലെങ്കിൽ, ചുരുങ്ങിയത്, അത്ഭുതമെന്ന് തോന്നിക്കുന്നവയിൽ) അതിൽതന്നെ "ദൈവികത്വമോ, ദൈവികാനുകൂല്യമോ ഇല്ല."[31] ഗിരിപ്രഭാഷണത്തിൽ യേശു പറഞ്ഞു,

> എന്നോട് "കർത്താവേ, കർത്താവേ" എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗരാജ്യത്തിൽ കടക്കുന്നത്. "കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ *വളരെ വീര്യപ്രവൃത്തികൾ* പ്രവർത്തിക്കയും ചെയ്തില്ലയോ എന്ന് പലരും ആ നാഴികയിൽ എന്നോട് പറയും. അന്നു ഞാൻ അവരോട് ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല, അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ എന്നു തീർത്തു പറയും" (മത്തായി 7:21-23; എംഫസിസ് മൈൻ).

അവർ വാസ്തവത്തിൽ അത്ഭുതങ്ങൾ ചെയ്തിരുന്നോ ഇല്ലയോ, അതോ വെറും അവകാശപ്പെടൽ മാത്രമായിരുന്നോ എന്നത് കർത്താവിനു മാത്രമേ അറിയു. അത്ഭുതങ്ങൾ ചെയ്യുന്നതിന് മുൻപ് ദൈവത്തെ അനുസരിക്കേണ്ടത് അനിവാര്യമാണ് എന്നതാണ് ഇവിടെ പറയുന്നത്.

വീണ്ടും, യേശു മുന്നറിയിക്കുന്നു, "ഞാൻ പോയ ശേഷം കള്ളപ്രവാചകന്മാരും കള്ളക്രിസ്തുക്കളും എഴുന്നേൽക്കും" കഴിയുമെങ്കിൽ "വ്രതന്മാരെയും തെറ്റിപ്പാനായി വലിയ അത്ഭുതങ്ങളും അടയാളങ്ങളും കാണിക്കും" (മത്തായി 24:24; കൂടാതെ, മർക്കൊസ് 13:22 നോക്കുക).

നമ്മുടെ ചർച്ചക്ക് അനുയോജ്യമായതാണ് യിസ്രായേലിന്നു വളരെക്കാലം മുൻപ് നൽകിയതായ മുന്നറിയിപ്പ്. ആവർത്തനപുസ്തകം 13-ൽ, ഒരു പ്രവാച

കൻ എഴുന്നേറ്റ് "അത്ഭുതമോ, അടയാളമോ" കാണിക്കുവാൻ സാധ്യതയുണ്ട് എന്ന് മോശെ പറഞ്ഞു (വാ. 1). എങ്ങനെയായാലും (വാ. 2), ആ പ്രവാചകൻ വന്ന് "അന്യദൈവങ്ങളെ സേവിക്ക എന്നു പറഞ്ഞാൽ," മോശെ പറഞ്ഞു,

> നിങ്ങൾ ആ പ്രവാചകന്റെ വാക്ക് കേട്ടനുസരിക്കരുത് ... നിങ്ങളുടെ ദൈവമായ യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസോടും കൂടെ നിങ്ങൾ സ്നേഹിക്കുന്നുവോ എന്ന് അറിയേണ്ടതിന്നു നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളെ പരീക്ഷിക്കയാകുന്നു. നിങ്ങളുടെ ദൈവമായ യഹോവയെ നിങ്ങൾ അനുസരിച്ച് ഭയപ്പെടുകയും അവന്റെ കൽപന പ്രമാണിച്ച് അവന്റെ വാക്ക് കേൾക്കയും അവനെ സേവിച്ച് അവനോട് ചേർന്നിരിക്കയും വേണം ... നിന്റെ ദൈവമായ യഹോവയുടെ വഴിയിൽനിന്നു നിന്നെ തെറ്റിച്ചുകളവാൻ ശ്രമിച്ച ആ പ്രവാചകനെ കൊല്ലേണം ... (വാ. 3–5).

"ദൈവം പരീക്ഷിക്കയാകുന്നു" എന്ന വാക്ക് നമ്മെ ഭയപ്പെടുത്തുന്നു. ഇത് നമ്മെ 2 തെസലൊനിക്യർ 2:10–12 ആണ് ഓർപ്പിക്കുന്നത്, അവിടെ പറയുന്നത്, "സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളാത്തവരിലേക്ക്" "വ്യാജത്തിന്റെ വ്യാപാരശക്തി അയക്കും" എന്നാണ്. അത് ദുരുപദേഷ്ടാക്കന്മാരിൽകൂടെ "ശക്തിയോടും, അടയാളങ്ങളോടും അത്ഭുതങ്ങളോടും കൂടിയായിരിക്കും" അങ്ങനെ അവർ ഭോഷ്ക്ക് വിശ്വസിക്കും (വാ. 9).

എല്ലാ മതപരമായ അദ്ധ്യക്ഷന്മാരെയും (അത്ഭുതരോഗശാന്തി അവകാശപ്പെടുന്നവരടക്കം) പരിശോധിക്കണം – ശരിയായി പരിശോധിക്കണം എന്ന് ഞാൻ ശക്തമായി പറയുന്നില്ല. എന്നാൽ അവരുടെ ഉപദേശം ആളുകളെ ദൈവത്തിന്റെ സത്യത്തിൽനിന്നകറ്റുകയാണെങ്കിൽ, അവർ എത്ര പ്രാഗത്ഭ്യമുള്ളവരായാലും, എത്ര മനോഹരമായി പ്രസംഗിച്ചാലും, അവരുടെ ഉപദേശം – അന്തിമമായി തള്ളിക്കളയണം.

വെളിപ്പാട് 13 ലെ കള്ള പ്രവാചകൻ നടത്തിയ "അടയാളങ്ങളെ" കുറിച്ച് പറഞ്ഞപ്പോൾ, "വ്യാജ-അത്ഭുതങ്ങൾ," "കള്ള അത്ഭുതങ്ങൾ" എന്നീ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു. അത്തരം മായാജാലങ്ങളെ കുറിച്ചുള്ള എന്റെ അറിവും ബൈബിൾ പരിജ്ഞാനവും വെച്ച് ഞാൻ അതിനെ സ്വാഭാവികമായി സംശയിക്കുന്നു. *കള്ളപ്രവാചകൻ തനിക്കില്ലാത്ത ശക്തി ഉണ്ടെന്ന് നടിക്കുകയായിരുന്നു* എന്ന് എനിക്ക് ബോധ്യമായി:

(1) തന്റെ ജനത്തിനില്ലാത്ത ഭൂതത്തിന് അത്ഭുതം ചെയ്യുവാനുള്ള ശക്തി നൽകുമെന്ന് വിശ്വസിക്കുക പ്രയാസമാണ് – പുതിയനിയമം പൂർണ്ണമായി എഴുതിത്തീർന്ന ശേഷം ക്രിസ്ത്യാനികൾക്ക് അത്ഭുതം ചെയ്യുവാനുള്ള വരം നിന്നുപോയി എന്നതാണ് തെളിവുകൾ നൽകുന്ന സൂചന (മറ്റൊരു വാക്കിൽ പറഞ്ഞാൽ, യോഹന്നാൻ തന്റെ എഴുത്തുകൾ പൂർത്തിയാക്കിയപ്പോഴേക്കും).[32]

(2) ദുരുപദേഷ്ടാക്കന്മാർ വ്യാജമായ അത്ഭുതങ്ങൾ പ്രകടിപ്പിക്കുമെന്ന് മുന്നറിയിച്ചിട്ടുണ്ട്. പൗലൊസ് "അധർമ്മ മൂർത്തിയുടെ"[33] പ്രത്യക്ഷതയെ കുറിച്ച് സംസാരിച്ചപ്പോൾ, "അധർമ്മ മൂർത്തിയുടെ പ്രത്യക്ഷത, സാത്താന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം വ്യാജമായ സകല *ശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും* അനീതിയുടെ സകല വഞ്ചനയോടുംകൂടിയായിരിക്കും" എന്നു പറഞ്ഞിരിക്കുന്നു (2 തെസലൊനിക്യർ 2:8, 9; എംഫസിസ്

മൈൻ). എൻഐവിയിൽ “കള്ളയത്ഭുതങ്ങളും അടയാളങ്ങളും, വീര്യപ്രവർത്തികളും” എന്നാണ് പറഞ്ഞത്.

(3) “അടയാളങ്ങൾ” അന്നത്തെ കപടവേഷനാടക നിലവാരമായിരുന്നു (മതത്തിലും, മത-മല്ലാത്തതിലും). ജനക്കൂട്ടത്തെ രസിപ്പിക്കുന്നതിനേക്കാൾ പ്രായോഗികമായ വില ഒന്നും അവയ്ക്ക് ഇല്ലായിരുന്നു.

(4) പറഞ്ഞതായ ഓരോ “അടയാളവും” സ്വാഭാവികമായ രീതിയിലാണ് നടന്നത്. ഉദാഹരണമായി, ആകാശത്ത് നിന്നു തീ ഇറങ്ങിയത് നോക്കുക: തീ പുറപ്പെടുവിക്കുന്നത് എല്ലായ്പോഴും ജനക്കൂട്ടത്തെ-സന്തോഷിപ്പിച്ചിരുന്നു. തുറക്കുമ്പോൾ ജ്വലിക്കുന്ന ഒരു പുസ്തകം എനിക്ക് ഉണ്ട്. പരീക്ഷിക്കപ്പെട്ടപ്പോൾ, ബാലിന്റെ പ്രവാചകന്മാർക്ക് തീ ഇറക്കുവാൻ കഴിഞ്ഞില്ല (1 രാജാക്കന്മാർ 18). എന്നാൽ അവരുടെ ക്ഷേത്രങ്ങളിലൊന്നിൽ വെച്ച് ഒരു മായാജാലമായി തീ ഇറക്കി കാണിക്കുവാൻ അവർക്ക് *കഴിയുമാ*യിരുന്നു. “അദൃശ്യമായ” ഒരു വയറും ലായനിയും മറ്റും ഉപയോഗിച്ച് വേദിയിൽ മങ്ങിയ വെളിച്ചത്തിൽ തീ കത്തുന്നതായി കാണിക്കുന്ന - “അത്ഭുതം” നടത്തുവാൻ ആളുകൾക്ക് കഴിയും.

പ്രതിമക്ക് ജീവനുണ്ടായി അത് സംസാരിച്ചതോ? ഒരു ദിവസം ടിവിയിൽ ഞാൻ അതുപോലെ ഒന്നു കാണുകയുണ്ടായി: തടികൊണ്ടും തുണികൊണ്ടും ഉണ്ടാക്കിയ ഒരു രൂപവുമായി ഒരാൾ വേദിയിലേക്ക് വന്നു, അതിനെ അയാളുടെ മുട്ടിന്മേൽ വെച്ച് സംസാരിക്കുവാൻ തുടങ്ങി - അത് അയാളോട് തിരിച്ച് സംസാരിക്കുകയും ചെയ്തു! ആ ബൊമ്മയുടെ ചുണ്ടുകൾ ചലിക്കുവാൻ തുടങ്ങി; അതിന്റെ കണ്ണുകൾ ഉരുളുവാൻ തുടങ്ങി; അതിന്റെ തലയും ചലിക്കുവാൻ തുടങ്ങി; പുരികവും ഇളകുവാൻ തുടങ്ങി - തന്റെ കയ്യിലിരിക്കുന്ന ബൊമ്മയുപയോഗിച്ച് മറ്റെവിടെനിന്നോ വരുന്ന സംസാരം പോലെ സംഭാഷണം നടത്തുന്ന രീതിയാണ് ഞാൻ പറഞ്ഞത്: മറ്റൊരു ഉറവിടത്തിൽ നിന്ന് വരുന്ന ശബ്ദം ബൊമ്മയുടേതാണെന്ന് വരുത്തി തീർക്കുന്ന രീതി - വളരെ വളരെ മുൻപ് തന്നെ നിലവിലുണ്ടായിരുന്നു. അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന പുരാതന പുരോഹിതന്മാർ ഇത് ഉപയോഗിച്ചിരുന്നതായി പല പുസ്തകങ്ങളും പറയുന്നുണ്ട്.

തീർച്ചയായും, അത്തരം ബൊമ്മയെ വെച്ചുള്ള സംസാരത്തിന് വലിയ പ്രാഗത്ഭ്യം ഒന്നും ആവശ്യമില്ല. ഞാൻ ഒരു സന്ദർശന സംഘത്തോടൊപ്പം പുരാതന പെർഗമൊസ് സന്ദർശിച്ചപ്പോൾ, അവിടെ നാശാവശിഷ്ടങ്ങളുടെ കൂട്ടത്തിൽ കണ്ട ഒരു പുരാതന അൾത്താരയുടെ അടിയിൽ പുരോഹിതന് മറഞ്ഞിരിക്കാവുന്ന ഒരു സ്ഥാനം കണ്ടു. അവിടെ പുരോഹിതൻ ഇരുന്ന് ഒരു ടൂബിൽകൂടെ സംസാരിച്ചിട്ട് അൾത്താര സംസാരിക്കുന്ന പ്രതീതി ജനിപ്പിക്കും.

പ്രതിമയെക്കൊണ്ട് സംസാരിപ്പിക്കുവാൻ പല വഴികളുണ്ട്, അതിന് ജീവൻ ഉണ്ടെന്ന് തോന്നിപ്പിക്കുവാനും പല വഴികളുണ്ട്. അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന പുരാതന ക്ഷേത്രങ്ങളിൽനിന്നു ലഭിച്ച നാശാവശിഷ്ടങ്ങളിൽനിന്നു കിട്ടിയ വയറുകളും കപ്പികളും അത്തരം ബൊമ്മ - സംഭാഷണം നടന്നിരുന്നതായി നമുക്ക് മനസിലാക്കാം (നൂലുകളും ബൊമ്മകളും ഉപയോഗിച്ചുള്ള സംസാരം).

അന്ന് അത്തരം സൂത്രങ്ങൾ ആളുകൾ ചെയ്തിരുന്നു എന്ന് ആരെങ്കിലും സംശയിക്കുകയാണെങ്കിൽ, ആഭിചാരക്കാരനായ ശീമോനെ നോക്കുക: “ശിമോൻ എന്നു പേരുള്ളോരു പുരുഷൻ, ആഭിചാരം കൊണ്ട് താൻ മഹാൻ

എന്നു നടിച്ചു ശമര്യജാതിയെ മുഴുവൻ ഭ്രമിപ്പിച്ചു" (പ്രവൃത്തികൾ 8:9, 10)![34]

തീർച്ചയായും, അത്തരം വഞ്ചനകൾ പഴയ കാലത്ത് മാത്രമേ ഉണ്ടായിരുന്നുള്ളു എന്ന് നിങ്ങൾ പറഞ്ഞേക്കാം! "ആധുനികമായ" ഈ കാലത്ത് ആരും അത്തരം സൂത്രത്തിൽ വീഴുകയില്ല എന്ന് നാം വിചാരിച്ചേക്കാം. അത് അങ്ങനെയാണെങ്കിൽ നന്നായിരുന്നു എന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. എന്നാൽ സത്യം അതല്ല; പി. ടി. ബാർണം[35] പറഞ്ഞു, "ഓരോ മിനിറ്റിലും മുല - കുടിക്കുന്ന - ശിശു ജനിക്കുന്നു" ആളുകൾ വിഡ്ഢിത്തത്തെ സത്യമായി സ്വീകരിക്കുന്നതിൽ ഞാൻ വിസ്മയിക്കാതായി.

തങ്ങൾക്ക് പ്രത്യേക ശക്തിയുണ്ടെന്ന് ധരിപ്പിച്ച് ആളുകളെ കബളിപ്പിക്കുന്നവരുണ്ട്. ഉദാഹരണത്തിന്, ആദ്യമായി കാണുന്ന ആളുകളാണെങ്കിലും അവരുടെ കാര്യങ്ങളെല്ലാം അറിയാമെന്ന് ധരിപ്പിക്കുവാൻ, ചില പൊടിക്കൈകൾ കാണിച്ച്, "മനശാസ്ത്രപരമായും, ആത്മിയമായും" തങ്ങൾക്ക് ഉപദേശിപ്പാൻ പ്രത്യേക കഴിവുണ്ടെന്ന് പറയും. അവർ "വിശദമാക്കുവാൻ കഴിയാത്ത" അറിയ-പ്പെടുന്ന "നിഗൂഢപരിശീലകർ" ആണെന്നേ എനിക്ക് പറയുവാൻ കഴിയു.

ക്രിസ്ത്യാനിത്വത്തിന്റെ പേരിൽ, പ്രത്യേകിച്ച്, സൂത്രങ്ങൾ പ്രയോഗിക്കുന്നവരെ സൂക്ഷിക്കുക. അത്ഭുത രോഗശാന്തി അവകാശപ്പെടുന്ന നിരവധി ദുരുപദേഷ്ടാക്കന്മാരുണ്ട്.[36] "രോഗശാന്തിക്കാർ" പഴയ "മനസു വായിക്കുന്ന" സൂത്രമാണ് ഉപയോഗിക്കുന്നത്. "സദസിലുള്ളു ഒരാൾക്ക് ഗ്രന്ഥി വീക്കമുണ്ടെന്ന് പറഞ്ഞിട്ട് അയാൾക്ക് സൗഖ്യം വന്നിരിക്കുന്നു എന്ന് പ്രഖ്യാപിക്കും." തുല്ല്യമല്ലാതിരുന്ന കാലുകൾ തുല്യമായി തീർന്നു എന്നും അവകാശപ്പെടും. എന്നാൽ കൂടുതൽ വിപുലമായ രീതി കോഡുകളും എലക്ട്രോണിക് ഉപകരണങ്ങൾ മറെച്ചു വെച്ചു ആളുകളെ വഞ്ചിക്കുന്നതാണ്.

ഞാൻ എത്ര കാലം ജീവിച്ചിരിക്കുന്നുവോ അത്രയും കാലം അത് തീർച്ചയാണെന്ന് ബോധ്യമാക്കുന്നതാണ് സെബാസ്റ്റ്യൻ ബ്രാന്റ് എഴുതിയത്, "ലോകം വഞ്ചിക്കപ്പെടുവാനാണ് *ആഗ്രഹിക്കുന്നത്*."[37] മൂടപ്പെട്ടിരിക്കുന്നത് കാണുവാൻ ജനം ഓടിക്കൂടും.[38] ഒരു "പ്രതിമ കണ്ണുനീരൊഴുക്കുന്നു" എന്ന് കേൾക്കുമ്പോൾ ആയിരക്കണക്കിന് ആളുകൾ അതിശയിക്കും.[39] ആളുകൾ ദർശനങ്ങൾ കണ്ടു എന്നവകാശപ്പെടുന്ന സ്ഥലങ്ങളിൽ ശ്രീകോവിലുകൾ കെട്ടിപ്പൊക്കും. കര ജന്തു തന്റെ സൂത്രപ്പണികൾ പ്രയോഗിച്ചുകൊണ്ടിരുന്നു.

യോഹന്നാന്റെ വാക്കുകൾ കടമെടുത്താൽ, "ഇന്നു സാത്താൻ മനുഷ്യരിൽ പ്രയോഗിക്കുന്ന വഞ്ചനകൾ വിശദമായി എഴുതുകയാണെങ്കിൽ, ലോകത്തിൽ തന്നെ ഒതുങ്ങുകയില്ല എന്നാണ്" (യോഹന്നാൻ 21:25). സാത്താൻ വഞ്ചിക്കുന്ന രീതികൾ വിശദമാക്കുന്നതിനേക്കാൾ, അതിനെ സൂക്ഷിക്കുവാനും സംശയിക്കുവാനും നമ്മെ ഉത്തേജിപ്പിക്കണം - ദൈവവചനത്തിനെതിരായ ഏതിനേയും എല്ലാറ്റിനേയും നിഷേധിക്കുവാനും കഴിയണം!

നമ്മുടെ വിഷയത്തിന്റെ ഈ വശം നാം വിട്ടുപോകുന്നതിന് മുൻപ്, നമുക്ക് ഇതു കഴിവതും പ്രായോഗികമാക്കാം. "അവരെ എങ്ങനെ ഇത്ര എളുപ്പത്തിൽ കബളിപ്പിക്കുവാൻ കഴിഞ്ഞു?" എന്നു നാം മറ്റുള്ളവരെ ചൂണ്ടി പറയും. നാം സത്യസന്ധരാണെങ്കിൽ, എല്ലാവരേയും സാത്താൻ തന്റെ മതപരമായ തന്ത്രത്തിൽ വീഴ്ത്തും എന്നു പറയേണ്ടിവരും. ലൗകികമായ ഇരട്ട-സംസാരത്താൽ അവൻ നൂറുകണക്കിനു പേരെ കുടുക്കുന്നുണ്ട്. നാമെല്ലാവരും, ഒരു വിധത്തിൽ, അല്ലെങ്കിൽ മറ്റൊരു വിധത്തിൽ, അവന്റെ ഭോഷ്ക്ക്

വിശ്വസിച്ചിട്ടുണ്ട് എന്ന് സമ്മതിക്കണം. അവന്റെ കൂടുതൽ വിജയകരമായ ചില വഞ്ചനകൾ ഇതാ: "ദൈവത്തെ കൂടാതെ തന്നെ നിങ്ങൾക്ക് കുഴപ്പമില്ലാതെ ജീവിക്കാം"; "ഈ ജീവിതമാണ് കാര്യമായിട്ടുള്ളത്"; "അടുത്തതിനെ കുറിച്ച് വിചാരപ്പെടേണ്ട"; "നേട്ടങ്ങളും സമ്പാദ്യങ്ങളുമാണ് മുഖ്യം" "ദൈവത്തിലേക്ക് യേശുവിനെ കൂടാതെ വേറെ വഴികളുണ്ട്" എന്നതാണ് ആത്മാവിനെ വഞ്ചിക്കുന്ന അവന്റെ ഏറ്റവും വലിയ ഭോഷ്ക്ക് (യോഹന്നാൻ 14:6; പ്രവൃത്തികൾ 4:12).

"തനിക്ക് ഇല്ലാത്ത ശക്തിയുണ്ടെന്ന് അവൻ അവകാശപ്പെടുന്നു" എന്ന തലവാചകമുള്ളതാണ് ഈ പഠനഭാഗം. നിങ്ങളുടെ ജീവിതത്തിലെ അഭിലാഷങ്ങൾ നിറവേറ്റി, നിങ്ങളെ സന്തോഷിപ്പിക്കുവാനുള്ള ശക്തി അവനുണ്ടെന്ന് പിശാച് അവകാശപ്പെടും. അവൻ ഭോഷ്ക്കാണ് പറയുന്നത്. അവന് ആ ശക്തിയില്ല. ആ ശക്തി ദൈവത്തിന് മാത്രമാണുള്ളത് – അവൻ അത് തന്നിൽ മാത്രം ആശ്രയിച്ച് ജീവിക്കുന്നവർക്ക് നൽകുകയും ചെയ്യും.

"എന്റെ സഹോദരന്മാരേ, വഞ്ചിക്കപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ" (യാക്കൊബ് 1:16)!

## തനിക്ക് നൽകുവാൻ കഴിയാത്തത് അവൻ വാഗ്ദാനം ചെയ്യുന്നു (13:16-18)

മൃഗത്തിന്റെ വിവാദ "മുദ്ര" യെക്കുറിച്ചുള്ള ഭാഗത്തോടുകൂടി നമ്മുടെ ഈ വേദഭാഗം അവസാനിക്കുകയാണ്. ആ ഭാഗം ഇങ്ങനെ തുടങ്ങുന്നു, "ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരുമായ എല്ലാവർക്കും വലങ്കൈമേലോ, നെറ്റിയിലോ മുദ്ര കിട്ടുമാറു മൃഗത്തിന്റെ പേരോ, പേരിന്റെ സംഖ്യയോ ആയ മുദ്രയാണ്" (വാ. 16). (ഈ പാഠത്തിന്റെ അവസാനം വരുന്ന "ഭൂമിയിൽനിന്നുള്ള മൃഗവും മുദ്രയും" എന്ന ചിത്രീകരണം നോക്കുക.)

അക്കാലത്ത് അടിമകൾക്കും മറ്റും കൈമേലോ നെറ്റിമേലോ ചിലപ്പോൾ മുദ്ര കിട്ടിയിരുന്നു.[40]

> നിങ്ങൾ റോമാനഗരത്തിന്റെ പ്രധാന വീഥിയിൽ കൂടെ വെളിപ്പാട് എഴുതപ്പെട്ട കാലത്ത് നടന്നുപോയാൽ, കൈവെള്ളയിലോ അല്ലെങ്കിൽ നെറ്റിയിലോ ഒരു വെള്ള മുദ്രയുള്ള ഒരു മനുഷ്യൻ നടന്നു വരുന്നുവെങ്കിൽ, അയാൾ ഒന്നുകിൽ ഒരടിമയോ അല്ലെങ്കിൽ, ഏതെങ്കിലും ദേവന് വിശ്വാസം അർപ്പിച്ചിരിക്കുന്നു എന്ന് കാണിക്കുന്നതാണ് അവന്റെ ശരീരത്തിൽ മായാത്ത വിധത്തിൽ ചുട് വെച്ച് എഴുതിയ അക്ഷരങ്ങളോ സംഖ്യയോ.[41]

താൻ "യേശുവിന്റെ ചൂട-ടയാളം ധരിച്ചിരിക്കുന്നു" എന്ന് പൗലൊസ് പറഞ്ഞപ്പോൾ ഇതായിരിക്കണം അവന്റെ മനസിലുണ്ടായിരുന്നത് (ഗലാത്യർ 6:17) – അത് അവൻ യജമാനനെ സേവിക്കുമ്പോൾ ലഭിച്ച പാടുകളെ കുറിച്ചാണ് പറയുന്നത് (2 കൊരിന്ത്യർ 11:23–25).[42]

13:16, 17 ലെ "മുദ്ര" അക്ഷരിക മുദ്രയാണെന്ന് ചിലർ വിശ്വസിക്കുന്നു. "മൃഗം" എന്ന തലവാചകത്തിലുള്ള ഒരു കാർട്ടൂൺ ലഘുലേഖ എന്റെ കയ്യിലുണ്ട്. ആ ചെറുപുസ്തകത്തിലുടനീളം മൃഗത്തിന്റെ അനുയായികളുടെയെല്ലാം നെറ്റിയിൽ "666" എന്ന മുദ്ര പെയിന്റ് കൊണ്ടെഴുതുകയോ പതിപ്പിക്കുകയോ

ചെയ്തിരിക്കുകയാണ്. "മുദ്ര" വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതിനുള്ള താകയാൽ (വാ. 17), ചിലർ അതിനെ വ്യാപാരത്തിന് ഉപയോഗിക്കുന്ന "മുദ്ര" യായിട്ടാണ് മനസിലാക്കുന്നത്: ബാങ്ക് സംഖ്യകൾ, സൂപ്പർമാർക്കറ്റുകളിലെ കോഡ് നമ്പർ,[43] സാമൂഹ്യസുരക്ഷാ സംഖ്യ തുടങ്ങിയവക്ക് ഉപയോഗിക്കേണ മെന്ന് കരുതുന്നു. (ലോകമഹായുദ്ധം II - ൽ റേഷന് ഉപയോഗിക്കേണ്ടത് "മൃഗത്തിന്റെ സംഖ്യയാണ്" എന്ന് ചില അമേരിക്കക്കാർ വിചാരിച്ചിരുന്നു.)

ആ വ്യാഖ്യാനങ്ങൾ ഒന്നും പ്രാരംഭക്രിസ്ത്യാനികൾക്ക് പ്രയോജനപ്പെടു ന്നതായിരുന്നില്ല.[44] സന്ദർഭത്തിലെ മൃഗത്തിന്റെ "മുദ്ര" വ്യാജമാണ് - വ്യാജം എന്നുപറയുമ്പോൾ - അദ്ധ്യായം 7-ൽ നാം പഠിച്ച ദൈവത്തിന്റെ "മുദ്ര" ക്ക് എതിരായത് എന്നർത്ഥം: (1) ദൈവത്തിന്റെ മുദ്ര 144,000 പേരിലായിരുന്നു, ആലങ്കാരികമായി സൂചിപ്പിക്കുന്നത്, "വിശ്വസ്തരായ *എല്ലാ*വരും" എന്നാണ്; ഒരാളെ പോലും മറന്നില്ല. അതേപോലെ, മൃഗത്തിന്റെ മുദ്ര, ചെറിയവരും വലിയവരും, സമ്പന്നന്മാരും ദരിദ്രന്മാരും, ദാസന്മാരായവരും സ്വതന്ത്രന്മാ രായ *എല്ലാ*വരും ഉൾപ്പെട്ടിരുന്നു; ഭൂവാസികളിൽ ആരെയും വിട്ടുകളഞ്ഞില്ല. (2) 144,000 പേരെ മുദ്രയിട്ടത് "അവരുടെ നെറ്റിയിലായിരുന്നു." (7:3), എന്നാൽ "മൃഗത്തിന്റെ അനുയായികളെ മുദ്രയിട്ടത് അവരുടെ കൈമേലോ അല്ലെങ്കിൽ നെറ്റിയിലോ ആയിരുന്നു." (3) അവർ ദൈവത്തിനുള്ളവരാണെന്നാണ് മുദ്ര സൂചിപ്പിക്കുന്നത്, ദൈവത്തിന്റെ കാഴ്ച്ചപ്പാട് അനുസരിക്കുന്നതിനാൽ, അവർ ദൈവത്താൽ സംരക്ഷിക്കപ്പെടുന്നവരായിരിക്കും - പ്രത്യേകിച്ച് കഷ്ടതയെ സംബന്ധിച്ച അവന്റെ മനോഭാവത്തിൽ.[45] ഭൂവാസികളിലുള്ള മുദ്ര തെളിയി ക്കുന്നത് അവർ മൃഗത്തിനുള്ളവരാണെന്നും, അവർ അവന്റെ സ്വഭാവത്തെ അനുകൂലിക്കുന്നവരാകയാൽ, അവരെ അവൻ സംരക്ഷിക്കുമെന്ന സൂചനയും നൽകുന്നു.[46] മുദ്രയെ കുറിച്ച് നാം പഠിച്ചപ്പോൾ, അത് അക്ഷരികമായിരുന്നില്ല എന്നു മനസിലാക്കി - അതുപോലെ അടയാളവും അക്ഷരികമായിരുന്നില്ല.

ബൈബിൾ കാലത്ത് മുദ്രകൾക്ക് പല ഉദ്ദേശങ്ങളുണ്ടായിരുന്നു: എന്നാൽ അദ്ധ്യായം 7-ൽ ഊന്നി പറഞ്ഞ ഉദ്ദേശം *സംരക്ഷണമായിരുന്നു*. അതുപോ ലെ, മനുഷ്യർക്ക് മൃഗത്തിന്റെ മുദ്ര ലഭിച്ചാൽ, മൃഗം അവർക്ക് ആവശ്യമുള്ളത് നൽകി, സംരക്ഷിക്കുമെന്നായിരുന്നു സൂചന. എങ്ങനെയായാലും, *തനിക്ക് ന ൽകുവാൻ കഴിയാത്തതിനെയായിരുന്നു പിശാച് ഭേദഗതിയില്ലാതെ വാഗ്ദാനം ചെയ്തിരുന്നത്.*

ആരംഭത്തിൽ, മൃഗം വാഗ്ദാനം ചെയ്തതു നൽകുമെന്ന് *തോന്നി*പ്പോയി രുന്നു: "മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വിൽക്കുകയോ ചെയ്യുവാൻ വഹിയാതെയും ആക്കുന്നു" (വാ. 17). "മുദ്ര" ഒന്നുകിൽ "മൃഗത്തിന്റെ *പേരോ* അല്ലെങ്കിൽ പേരിന്റെ *സംഖ്യയോ*" ആണ്. "സംഖ്യയെ" കുറിച്ച് ഈ പാഠത്തിൽ നാം പിന്നീട് പഠിക്കും. അക്കാ ലത്ത് ഒരാളുടെ പേർ എന്നു പറയുന്നത്, അയാൾക്കുള്ളതെല്ലാം ഉൾപ്പെട്ടതാ യിരുന്നു എന്നോർക്കുക. മൃഗത്തിന്റെ "മുദ്ര" ഏൽക്കുക എന്നു പറഞ്ഞാൽ മൃഗത്തെ *ഇഷ്ടപ്പെടുക* എന്നാണ് അർത്ഥം.

"മുദ്ര" ഉള്ളവർക്ക് മാത്രമെ വാങ്ങുകയും വിൽക്കുകയും ചെയ്യുവാൻ കഴിയുമായിരുന്നുള്ളു എന്നതാണ് പ്രധാനപ്പെട്ട കാര്യം. വ്യവസായം നടത്തു വാൻ പൗരന്മാർക്ക് നിയമപരമായ രേഖകൾ വേണമെന്നാണ് ഇവിടെ പറയു ന്നതെന്ന് ചിലർ വിശ്വസിക്കുന്നു. "ചക്രവർത്തിയാരാധന നടന്നിരുന്നതിന്റെ തെളിവായി ബിംബാരാധകരുടെ സാക്ഷ്യപത്രം കണ്ടെടുത്തതായി [പുരാവ

സ്തുശാസ്ത്രം] പറയുന്നു."[47] മെറിൽ സി. ടെനി ഈ ഒരു ഉൾക്കാഴ്ച്ച നൽകി:

> ടൈബിരിയസ് തുടങ്ങി പല ചക്രവർത്തിമാരുടേയും ഭരണത്തിൻ കീഴിൽ, എല്ലാ വ്യാവസായിക രേഖകളിലും ഗവൺമെന്റ് സീലുണ്ടായിരിക്കണമെന്നും അല്ലാത്തതിനൊന്നും നിയമസാധുത ഉണ്ടായിരിക്കുന്നതല്ല എന്നും കൽപന പുറപ്പെടുവിച്ചിരുന്നു. അനുവാദം കൊടുത്തിരുന്നത് പ്രാദേശിക അധികാരികളായിരുന്നു, അവർ പല പട്ടണങ്ങളിലേയും പുരോഹിതന്മാരായിരുന്നു, അവരായിരുന്നു ഭരണത്തിലുള്ള കൈസറിന്റെ ബിംബത്തെ ആരാധിക്കുവാൻ പ്രേരിപ്പിച്ചിരുന്നത്.[48]

വർജിക്കുന്നത് സ്വാഭാവികമായിരുന്നു എന്നാണ് മറ്റു പണ്ഡിതന്മാർ കരുതുന്നത്. ഒരു ക്രിസ്ത്യാനി ബിംബത്തെ വണങ്ങുവാൻ കൂട്ടാക്കാതിരുന്നാൽ വാർത്ത കടക്കാരിലെത്തിക്കുകയും അവർക്ക് സാധനങ്ങൾ വാങ്ങുവാനോ വിൽക്കുവാനോ കഴിയാതെയും വന്നേക്കാം. ഒരുപക്ഷെ അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്ന കച്ചവടക്കാരിൽനിന്നു ക്രിസ്ത്യാനികൾ അകന്ന് കഴിഞ്ഞിരിക്കാം.[49] സാമ്പത്തിക വർജ്ജനം ഏതുവിധത്തിലായാലും, 13:17 ക്രിസ്ത്യാനികളുടെ ഭാവി മങ്ങലുള്ളതായി തോന്നിപ്പിക്കുന്നു.

അങ്ങനെ നാം വാക്യം 18 ലേക്ക് വരുന്നു, അവിടെ തുടങ്ങുന്നു, "ഇവിടെ ജ്ഞാനം കൊണ്ട് ആവശ്യം" എൻഐവിയിൽ "ഇതു ജ്ഞാനത്തെ വിളിക്കുന്നു" എന്നാണ്. നൽകപ്പെട്ട വിവരങ്ങൾ മനസിലാക്കുവാൻ ബുദ്ധി ആവശ്യമാണെന്നർത്ഥം - ആ വിവരങ്ങൾ കാര്യങ്ങളെ കുറിച്ച് വ്യത്യസ്തമായ ഒരു കാഴ്ച്ചപ്പാടാണ് നൽകുന്നത്. "ദൈവം കാര്യങ്ങളെ കാണുന്നതുപോലെ കാണുക" എന്നതാണ് ബൈബിൾജ്ഞാനത്തിന്റെ ഒരു നിർവ്വചനം.

ഓരോ മൃഗത്തെയും പരിചയപ്പെടുത്തിയശേഷം, പരിശുദ്ധാത്മാവ് ഒരു *ഉത്തേജന വാക്ക്* പറഞ്ഞിരിക്കുന്നതായി ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു. കടൽ ജന്തുവിനെ പരിചയപ്പെടുത്തിയശേഷം, വീണ്ടും ഉറപ്പുനൽകുന്നത് 13:9, 10-ൽ കാണാം. എന്നാൽ കരജന്തുവിനെ പരിചയപ്പെടുത്തിയശേഷം ഉത്തേജന സന്ദേശം വാക്യം 18-ൽ കാണാം. "ഇവിടെ ജ്ഞാനം കൊണ്ട് ആവശ്യം, ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യ ഗണിക്കട്ടെ; അത് ഒരു മനുഷ്യന്റെ സംഖ്യയത്രെ. അതിന്റെ സംഖ്യ അറുന്നൂറ്റിയറുപ-ത്താറ്."

ബൈബിളിൽ വെച്ചാണെങ്കിലും, വെളിപ്പാടിൽ വെച്ചാണെങ്കിലും, ഏറ്റവും നിഗൂഢത നിറഞ്ഞതാണ് ഈ വാക്യം. യോഹന്നാന്റെ ഒരു അരിപ്പയായി ഈ വാക്യം എടുക്കണം എന്നതാണ് പ്രചാരത്തിലിരിക്കുന്ന ഒരു വ്യാഖ്യാനം: *ജെമെട്രിയ*[50] എന്ന നടപടി മുഖാന്തരം ചില വ്യക്തികളുടെ പേരുകൾ ചുരുക്കുന്ന സംഖ്യയാണ് 666. അത് ഒരു സങ്കീർണ്ണമായ നടപടിയാണ് - മറ്റൊരു പാഠമായി തീരേണ്ടത്ര സങ്കീർണ്ണമാണ്.[51] ഇപ്പോൾ, മാർട്ടിൻ ഫ്രാൻസ്മാൻ പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു എന്നു മാത്രം പറയട്ടെ: യോഹന്നാൻ പറയുന്നത് കടങ്കഥയാണെങ്കിൽ "ആധുനികമായ യാതൊന്നിനും മുഴുവൻ മനസിലാകത്തക്കവണ്ണം അതിന്റെ കുരുക്ക് അഴിക്കുവാൻ സാധ്യമല്ല."[52] ഈ ചിന്തകൾ പരിഗണിക്കുക:

(1) വെളിപ്പാടിൽ മറ്റൊരിടത്തും ഇതുപോലെ സംഖ്യകൾ അരിപ്പയായി കണക്കാക്കപ്പെട്ടിട്ടില്ല. അപ്പോൾ, പിന്നെ, എന്തുകൊണ്ട് "666" മാത്രം അങ്ങനെ കണക്കാക്കണം? പുസ്തകത്തിലെ മറ്റുഭാഗങ്ങളിലുള്ള സംഖ്യകളെല്ലാം ആല

ങ്കാരികമായി കാണുന്നു. എന്തുകൊണ്ട് "666" ആലങ്കാരികമായി കാണുന്നില്ല? അപോകാലിപ്സ് എന്നു പറയുന്നത് ആലങ്കാരിക പുസ്തകമാണ്. പിന്നെ എങ്ങനെ "666" ആലങ്കാരികമല്ലാതാകും? "അപോകാലിപ്സ് എന്നാൽ ആല ങ്കാരിക പുസ്തകമാണ്; അല്ലാതെ അരിപ്പ് പുസ്തകമല്ല!"[53]

(2) വെളിപ്പാട് പുസ്തകം എഴുതിയതിന്റെ ഉദ്ദേശം ആശ്വസിപ്പിക്കുക എന്ന തായിരുന്നു. ആ അരിപ്പയിൽ ആരുടെയെങ്കിലും പേരാക്കി ചുരുക്കിയാലും, അത് എന്ത് ആശ്വാസമാണ് നൽകുന്നത്? യോഹന്നാൻ കളിക്കുകയായിരു ന്നില്ല. അവന്റെ ഉദ്ദേശം ആളുകളെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നില്ല, ആശ്വ സിപ്പിക്കുകയായിരുന്നു; സങ്കീർണ്ണമാക്കുകയല്ല, ലളിതമാക്കുകയായിരുന്നു; വിഷമപ്രശ്നം ഉണ്ടാക്കുകയല്ല, ഉത്തേജിപ്പിക്കുകയായിരുന്നു.

വാക്യം 18 ക്രിസ്ത്യാനികളെ ഉത്തേജിപ്പിക്കുന്നതിനു നൽകിയതാണെന്ന് സന്ദർഭം രണ്ട് സൂചനകൾ തരുന്നു. ആ സംഖ്യ "ഒരു മനുഷ്യന്റെ സംഖ്യ" ആണെന്നതാണ് ആദ്യത്തെ സൂചന, അതേ പ്രയോഗം വേറൊരു ഭാഗത്തു ള്ളത് തർജിമ ചെയ്തിരിക്കുന്നത് "മനുഷ്യൻ" എന്നാണ് (21:17).[54] ഗലാത്യർ 1:11; 3:15 ലും; മറ്റു വേദഭാഗങ്ങളിലും ആ പ്രയോഗം പൊതുവിൽ "മനുഷ്യ വർഗത്തെ" ഉദ്ദേശിച്ചാണ് പറഞ്ഞിരിക്കുന്നത്. "അത് ഒരു പ്രത്യേക വ്യക്തി യാണ്"[55] എന്ന് യോഹന്നാൻ പറഞ്ഞില്ല. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, മൃഗത്തിന്റെ സംഖ്യ ഒരു ദേവനോ അമാനുഷിക വ്യക്തിയോ അല്ല. അത് ഒരു മനുഷ്യന്റെ സംഖ്യ മാത്രമാണ്. മനുഷ്യനായ ഒരു വ്യക്തിക്കും, എത്ര ശക്ത നായാലും, സർവ്വശക്തനായ ദൈവത്തിനെതിരെ നിൽക്കുവാൻ സാധ്യമല്ല (2 ദിനവൃത്താന്തം 20:6).

രണ്ടാമത്തെ സൂചന: "666" എന്നത് മൃഗത്തിന് ചുമത്തിയ സംഖ്യ ആയി രുന്നു. ആ സംഖ്യയെ വ്യാഖ്യാനിക്കുവാൻ, "ആറ്" എന്ന സംഖ്യയുടെ അടി സ്ഥാനപരമായ ആലങ്കാരിക അർത്ഥം നോക്കേണ്ടതുണ്ട്. സംഖ്യകളെക്കുറി ച്ചുള്ള നമ്മുടെ ആമുഖ പാഠത്തിൽ,[56] "ആറ്" എന്ന സംഖ്യ "ഏഴ്" എന്ന സംഖ്യയിൽ നിന്ന് ഒന്നു കുറവായതുകൊണ്ട് അപൂർണതയെ അല്ലെങ്കിൽ തിന്മയെ കാണിക്കുന്നു. വീണ്ടും, "ആറ്" ഏഴിനോട് അടുത്തുനിൽക്കുന്നത് കൊണ്ട്, വഞ്ചനയും അന്തർലീനമായിരിക്കുന്നു.

വെളിപ്പാട് ഒരു ക്ലാസ്സായി പഠിപ്പിക്കുമ്പോൾ, ഞാൻ ചിലപ്പോൾ ദൃശ്യാവി ഷ്കരണം നടത്താറുണ്ട്: ഞാൻ എന്റെ തുറന്ന കൈയിൽ ഏഴ് നാണയങ്ങൾ വെക്കും. പിന്നീട് ഞാൻ എന്റെ കൈ പുറകിലേക്ക് മാറ്റി ഒന്ന് അതിൽ നിന്ന് മാറ്റുകയോ അല്ലെങ്കിൽ ഒന്നും മാറ്റാതെയും ഇരിക്കും. പിന്നെ കൈ മുമ്പോട്ട് കാണിച്ച് കൈയിലുള്ള നാണയങ്ങൾ കാണത്തക്ക രീതിയിൽ പിടിക്കും. എന്റെ കൈയിലുള്ള നാണയങ്ങൾ ചെറുതായി ചലിപ്പിച്ചുകൊണ്ട് എന്റെ കൈയിൽ ആറ് നാണയങ്ങളാണോ അതോ ഏഴ് നാണയങ്ങളാണോ ഉള്ളത് എന്ന് അവരോട് ചോദിക്കും. ഞാനിത് പലപ്രാവശ്യം, ചിലപ്പോൾ ആറ്നാ ണയങ്ങളും മറ്റുചിലപ്പോൾ ഏഴ് നാണയങ്ങളും വെച്ച്കൊണ്ട് ചോദിക്കും. വിദ്യാർത്ഥികളുടെ ഊഹം പലപ്പോഴും തെറ്റിപോകുന്നു, ആറിന് *വഞ്ചി ക്കുവാൻ* കഴിയും എന്നതാണ് അത് കാണിക്കുന്നത് - അത് ഏഴിനെപോ ലെ തോന്നിപ്പിക്കും.

അവസാനം "ആറ്" പരാജയത്തെ മുന്നറിയിക്കുവാൻ ഉപയോഗിച്ചിരു ന്നു. - കാരണം, അത് എത്രമാത്രം "ഏഴ്," പോലെ തോന്നിച്ചാലും "ആറ്" എപ്പോഴും "ആറ്" തന്നെ ആയിരിക്കും. (ഒരു സാധനത്തിന്റെ വില ഏഴായി

നിശ്ചയിച്ചാൽ, അത് ആറ് രൂപക്ക് വാങ്ങുവാൻ സാധ്യമല്ല.)

ഇനി, "ആറ്" എന്ന സംഖ്യയിൽ അടങ്ങിയിരിക്കുന്ന ആശയങ്ങൾ യോജിപ്പിക്കുക. ബൈബിൾ സംബന്ധമായി, മൂന്നുപ്രാവശ്യം ഏതെങ്കിലും ഒന്ന് ആവർത്തിക്കുകയാണെങ്കിൽ, അത് ഏറ്റവും ഉയർന്ന ശക്തിയെ കാണിക്കുന്നു. മൂന്ന് "ആറുകൾ" സൂചിപ്പിക്കുന്നത് തിന്മയുടേയും വഞ്ചനയുടേയും സാരാംശം ആകുന്നു, എന്നാൽ "ഇവിടെ ജ്ഞാനം കൊണ്ട് ആവശ്യം": അത് *പരാജയത്തിന്റേയും* സാരാംശമാണ്! അവസാനം, "666" നിൽക്കുന്നത് "പരാജയത്തിന്മേലും പരാജയത്തിന്മേലും പരാജയത്തിന്മേലും ആണ്."[57]

വാഗ്ദാനം ചെയ്തത് പിശാചിന് നിറവേറ്റുവാൻ കഴിയാത്തതിനെ വ്യക്തമാക്കുകയാണ് സംഖ്യ. കള്ള പ്രവാചകൻ ആടിനെപ്പോലെ കാണപ്പെട്ടേക്കാം, കുഞ്ഞാട് മുദ്രവെക്കുന്നത് പോലെ അവനും മുദ്രവെക്കാൻ കഴിഞ്ഞേക്കാം. എങ്ങനെ ആയായും, അവസാനം, അവൻ കുഞ്ഞാട*ല്ല* എന്ന് തെളിയും അവസാനം, അവന്റെ മുദ്ര, മുദ്ര അല്ലായെന്നും തെളിയും. അവസാനം, അവനെ അനുഗമിച്ചവർ നിത്യമായി സുരക്ഷിതരല്ലാതെയും ഇരിക്കും!

ദൈവത്തിന്റെ മുദ്ര അവന്റേതുതന്നെ ആയിരിക്കും,
അവന്റെ ആടുകളെ എല്ലാം അവൻ ഭദ്രമാക്കും;
ദുഷ്ടൻ എല്ലാം ബുദ്ധിമുട്ടിപ്പിക്കുന്നു,
എന്നാൽ ദൈവം തീർച്ചയായും കാക്കും.

എന്നാൽ ദൈവത്തിന്റെ പരിശുദ്ധ പുത്രനിൽ
ആശ്രയിക്കാത്തവർ, അങ്ങനെയല്ല;
അവരുടെ കൈകളിലും നെറ്റികളിലും,
ദുഷ്ടന്റെ മുദ്രയായിരിക്കും ഉണ്ടാകുക.

പിന്നെ സംഭവിക്കുവാൻ പോകുന്നത് ലോകത്തിന്റെ അന്ധതമസാണ്,
പിന്നീട് പ്രത്യാശാ കിരണങ്ങൾ ഇല്ലാതാകുന്നു;
ഇപ്പോൾ തന്നെ അവങ്കലേക്ക് ഓടുക - അവൻ നിങ്ങൾക്ക്
വാസസ്ഥലം തരുവാൻ ആഗ്രഹിക്കുന്നു.[58]

"സഹോദരന്മാരെ, വഞ്ചിക്കപ്പെടാതിരിക്കാൻ സൂക്ഷിച്ചുകൊൾവിൻ" (യാക്കോബ് 1:16)!

## ഉപസംഹാരം

മതപരമായ വഞ്ചനയെക്കുറിച്ചാണ് നമ്മൾ ഈ പാഠത്തിൽ സംസാരിച്ചത്. ആളുകൾ വഞ്ചിക്കപ്പെടുന്നത് കാണുമ്പോൾ ദുഃഖമുണ്ട്. പൗലോസ് പറഞ്ഞു, "ആരും നിങ്ങളെ ഒരു വിധത്തിലും വഞ്ചിക്കരുത്" (2 തെസ്സലൊനിക്യർ 2:3). എന്നിട്ടും ആളുകൾ സ്വയം-വഞ്ചിക്കപ്പെടുന്നത് എത്ര ദുഃഖം ഉളവാക്കുന്നു. ഒരാൾ "തന്റെ ഹൃദയത്തെ വഞ്ചിക്കുന്നതിനെ" യാക്കൊബ് 1:26-ൽ പറയുന്നു, എന്നാൽ 1 യോഹന്നാൻ 1:8 പറയുന്നത്, "നമ്മെത്തന്നെ വഞ്ചിക്കുന്നതിനെ" ക്കുറിച്ചാണ്. (കൂടാതെ സദൃശവാക്യങ്ങൾ 14:12 നോക്കുക.)

താൻ ക്രിസ്ത്യാനി ആകുന്നതിനു മുമ്പ്, പിശാച് തന്നെ വഞ്ചിച്ചിരുന്നു എന്ന് പൗലോസ് സമ്മതിച്ചു:

മുമ്പേ നാമും ബുദ്ധികെട്ടവരും അനുസരണമില്ലാത്തവരും വഴിതെറ്റി നടക്കുന്നവരും നാനാമോഹങ്ങൾക്കും ഭോഗങ്ങൾക്കും *അധീനരും* ഊർഷ്യയിലും അസൂയയിലും കാലം കഴിക്കുന്നവരും ദ്വേഷിതരും അന്യോന്യം പകക്കുന്നവരും ആയിരുന്നു. എന്നാൽ നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ദയയും മനുഷ്യപ്രീതിയും ഉദിച്ചപ്പോൾ അവൻ നമ്മെ നാം ചെയ്ത നീതിപ്രവൃത്തികളാലല്ല, തന്റെ കരുണപ്രകാരമത്രേ രക്ഷിച്ചത്. നാം അവന്റെ കൃപയാൽ നീതീകരിക്കപ്പെട്ടിട്ട് പ്രത്യാശപ്രകാരം നിത്യജീവന്റെ അവകാശികളായി തീരേണ്ടതിനു പുനർജ്ജനനം കൊണ്ടും നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുമൂലം നമ്മുടെ മേൽ ധാരാളമായി പകർന്ന പരിശുദ്ധാത്മാവിന്റെ നവീകരണം കൊണ്ടും തന്നെ (തീത്തോസ് 3:3–6; എംഫസിസ് മൈൻ).

നിങ്ങൾ സാത്താനാൽ വഞ്ചിക്കപ്പെട്ടിരിക്കുന്നു എങ്കിൽ, ഇനി പിശാചിന്റെ തന്ത്രങ്ങളിൽ കുടുങ്ങരുത് എന്ന് തീരുമാനിക്കുക. നിങ്ങൾ കണ്ണുതുറക്കുകയും മനസിനെ ഉണർത്തുകയും ചെയ്യുക. ഓരോ ആശയത്തേയും വചനവുമായി ഒത്തുനോക്കുവാൻ തീരുമാനിക്കുക. കർത്താവിനെ അനുസരിക്കുവാൻ തയ്യാറാവുകയും ചെയ്യുക – അതു ചെയ്യേണ്ടത് *ഇപ്പോൾ*തന്നെ![59]

---

**പ്രാസംഗികർക്കും ഉപദേഷ്ടാക്കൾക്കും ഉള്ള കുറിപ്പുകൾ**

ആരംഭ സഭയുടെ കാലത്ത് രണ്ടാമത്തെ മൃഗം പ്രതിനിധീകരിച്ചതെന്താണെന്നും അത് ഇന്ന് പ്രതിനിധീകരിക്കുന്നതെന്താണെന്നും കാണിക്കുന്ന “രണ്ടുമൃഗങ്ങൾ” എന്ന ചാർട്ട് ഉപയോഗിക്കുക.

നിങ്ങൾക്കുവേണമെങ്കിൽ ഏഴു നാണയങ്ങളുടെ ദൃശ്യാവിഷ്ക്കരണം നടത്താം. അതുപോലെ നിങ്ങൾക്കു വേണമെങ്കിൽ കർത്താവിന്റെ മുദ്രയും മൃഗത്തിന്റെ മുദ്രയും തമ്മിലുള്ള അന്തരം വ്യക്തമാക്കുന്ന ചാർട്ടും ഉപയോഗിക്കാം.

ഈ പാഠത്തിന് “കള്ള പ്രവാചകൻ” എന്ന തലവാചകം കൊടുക്കാവുന്നതാണ്. മെറിൽ സി. റ്റെന്നിയുടെ ബാഹ്യരൂപരേഖയിതാ: (1) അവന്റെ വ്യക്തി, (2) അവന്റെ ശക്തി, (3) അവന്റെ പങ്ക്.[60] ചാൾസ് റിയറിയുടെ മറ്റൊരു ബാഹ്യരൂപരേഖ ഇതാ: (1) അവന്റെ പ്രത്യക്ഷത, (2) അവന്റെ ലക്ഷ്യം, (3) അവന്റെ അധികാരം, (4) അവന്റെ വേദന.[61]

---

കുറിപ്പുകൾ

[1]*വെളിപ്പാട്, 3* എന്ന പുസ്തകത്തിലെ “നിങ്ങളുടെ ശത്രുവിനെ അറിയുക,” എന്ന പാഠത്തിലെ 20:10 ലെ, വഞ്ചകനായ പിശാചിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് നോക്കുക. [2]19:20 ഉം കൂടെ നോക്കുക. [3]മൃഗം ഭൂമിയിൽനിന്നു കയറിവന്നു എന്നതിന് എന്തെങ്കിലും പ്രാധാന്യം ഉണ്ടെങ്കിൽ, അത് സ്വർഗത്തിൽനിന്നല്ല *ഭൂമിയിൽ*നിന്നുള്ളവനാണ് എന്നു തെളിയിക്കുന്നതാണ് (യോഹന്നാൻ 3:31; യാക്കോബ് 3:15). ഒന്നാമത്തെ മൃഗം *സമുദ്രത്തിൽ* നിന്നു കയറി എന്നതിനും, രണ്ടാമത്തെ മൃഗം *ഭൂമിയിൽ*നിന്നു കയറി എന്നതിനും അൽപ പ്രാധാന്യമുണ്ടായിരിക്കാം. ദാനിയേലിന്റെ ദർശനത്തിലെ മൃഗങ്ങളെ കുറിച്ചു പറയുമ്പോൾ, അവ ആദ്യം സമുദ്രത്തിൽനിന്നു

കയറി വന്നു എന്നാണ് പറഞ്ഞത് (ദാനിയേൽ 7:3), പിന്നെ അവ ഭൂമിയിൽനിന്നു കയറി വരുന്നതായി പറഞ്ഞിരിക്കുന്നു (ദാനിയേൽ 7:17). ദാനിയേലിന്റെ ദർശനത്തിൽ "സമുദ്രവും" "ഭൂമിയും" മാറി മാറി ഉപയോഗിച്ചിരിക്കുന്നു. [4]ദർശനത്തിൽ, ഒരു മൃഗം "ഭൂമിയിൽ നിന്നു കയറി വരുന്നതിനെ" കുറിച്ച് നമുക്ക് ഒരു ഗ്രാഹ്യവുമില്ല. കര ജന്തുവിന്റെ ആവിർഭാവം കുറച്ച് നാടകീയത മാത്രമായിരിക്കാം ജനിപ്പിക്കുന്നത് - അല്ലെങ്കിൽ ഞാൻ ചിത്രീകരിച്ചതിനേക്കാൾ കൂടുതൽ ആയിരിക്കാം. യോഹന്നാൻ കണ്ടത് "കാണുവാനാണ്" ഞാൻ നിങ്ങളെ പ്രചോദിപ്പിക്കുന്നത് - അങ്ങനെയായാൽ യോഹന്നാനുണ്ടായ ഫലം നിങ്ങൾക്കും ഉണ്ടാകും. [5]വളരെ കുറച്ച് വിശദാംശങ്ങൾ മാത്രം നൽകിയിരിക്കയാൽ, ബ്രയൻ വാറ്റും ഞാനും ഞങ്ങളുടെ ഊഹങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. [6]കൂടാതെ, ഈ മൃഗത്തിന് *രണ്ട്* കൊമ്പുകൾ മാത്രമാണുണ്ടായിരുന്നത്, അതിനെതിരായി, സർപ്പത്തിന് *പത്ത്* കൊമ്പുകളും (12:3), കടൽ ജന്തുവിനും *പത്ത്* കൊമ്പുകളുണ്ടായിരുന്നു (13:1). [7]ഇത് സൂചിപ്പിക്കുവാൻ, കര ജന്തുവിന് സർപ്പത്തിന്റെ നാവും വാലും വരക്കുവാൻ ഞാൻ ബ്രയനോട് ആവശ്യപ്പെട്ടു. ഞാൻ വളർന്നുവന്നപ്പോൾ ഭയപ്പെട്ടിരുന്ന ചേരപ്പാമ്പിന്റെ വാലായിരുന്നു അത്. [8]മതപരമായ ഞെരുക്കം നിമിത്തം ഞങ്ങളുടെ പൂർവ്വപിതാക്കന്മാർ വളരെ കഷ്ടം അനുഭവിച്ചിരുന്നതുകൊണ്ട്, ഗവൺമെന്റ് മതപരമായ കാര്യങ്ങളിൽ ഇടപെടുന്നത് നിയന്ത്രിച്ചു. അങ്ങനെ അമേരിക്കൻ ഭരണഘടന തുടങ്ങുന്നതു ഇപ്രകാരമാണ്, "ഒരു നിയമം സ്ഥാപിക്കുന്നതിനെ ബഹുമാനിച്ചുകൊണ്ടോ, മതസ്വാതന്ത്ര്യം എടുത്തുകളഞ്ഞുകൊണ്ടോ ഒരു നിയമം ഉണ്ടാക്കുകയില്ല. ..." [9]"അവന്റെ മുമ്പിൽ" എന്നത് അർത്ഥമാക്കുന്നത്, അവന്റെ താൽപര്യം ചെയ്യുവാൻ നിൽക്കുന്നു എന്നാണ്, പ്രവാചകൻ "ദൈവത്തിന്റെ മുമ്പിൽ" നിൽക്കുന്നത് ദൈവേഷ്ടം ചെയ്യുവാൻ ഒരുങ്ങിയാണ്. [10]വെളിപ്പാടിൽ, "ഭൂമിയിൽ വസിക്കുന്നവർ" അവിശ്വാസികളായ, അ-ക്രൈസ്തവരാണ്.

[11]മൃഗത്തെ തിരിച്ചറിയാവുന്ന അടയാളമാണ്, "മരണകരമായ മുറിവ് - ഉണങ്ങി" എന്ന പ്രയോഗം (13:3, 12, 14). മുറിവിനെ കുറിച്ച് സാധ്യമായ വ്യാഖ്യാനത്തിന്, കഴിഞ്ഞ പാഠം നോക്കുക. [12]"പ്രതിമ" എന്ന വാക്കിന്റെ ഗ്രീക്ക് വാക്ക് *എയ്ക്കോൺ* എന്നാണ്, അതിൽനിന്നാണ് നമുക്ക് "ഐക്കോൺ" എന്ന വാക്ക് കിട്ടിയിരിക്കുന്നത്. [13]എം. റോബർട്ട് മുതോളന്റ് ജൂനിയർ., *റെവലേഷൻ: ഹോളി ലിവിങ് ഇൻ ആൻ അൺഹോളി വേൾഡ്,* ഫ്രാൻസിസ് ആസ്ബറി പ്രസ്, കമെന്ററി, ജെന. എഡി., എം റോബർട്ട് മുതോളന്റ് ജൂനിയർ., (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഫ്രാൻസിസ് ആസ്ബറി പ്രസ്, 1990), 236. [14]*വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ, "ഇടി മുഴക്കം" എന്ന പാഠത്തിലെ, കറുത്ത കുതിരപ്പുറത്തിരിക്കുന്നവനെ കുറിച്ചുള്ള കുറിപ്പുകൾ നോക്കുക. [15]ചക്രവർത്തിയെ നമസ്ക്കരിക്കാതിരുന്ന ഏതൊരു ക്രിസ്ത്യാനിയേയും മരണശിക്ഷക്ക് വിധേയമാക്കു*മായിരുന്നു*. എന്നാൽ ചില പ്രദേശങ്ങളിൽ നിയമം കർശനമാക്കിയിരുന്നതുപോലെ (നിയമം എല്ലായ്പോഴും അങ്ങനെയായിരുന്നു) മറ്റു പ്രദേശങ്ങളിൽ കർശനമായിരുന്നില്ല. അതുകൊണ്ട് ഒഴികഴിവില്ലാതെ എല്ലാവരും കഷ്ടപ്പെട്ടെങ്കിലും, "വിശ്വസ്തരായ എല്ലാവരേയും" കൊന്നില്ല. [16]അവസാന പാഠത്തിൽ കണ്ട കടൽ ജന്തു യോഹന്നാന്റെ കാലത്ത്, എന്തിനെയാണ് പ്രതിനിധീകരിച്ചതെന്നറിയുവാൻ, കഴിഞ്ഞ പാഠത്തിലെ കുറിപ്പ് നോക്കുക. [17]ബ്രൂസ് എം. മെറ്റ്സ്ജർ, *ബ്രേക്കിങ്ങ് ദ കോഡ്: അണ്ടർസ്റ്റാന്റിങ്ങ് ദ ബുക്ക് ഓഫ് റെവലേഷൻ* (നാഷിലേ: അബിങ്ടൺ പ്രസ്, 1993), 75. [18]റേ സമ്മേഴ്സ്, *വർതി ഈസ് ദ ലാമ്പ്* (നാഷില്ലേ: ബ്രോഡ്മാൻ പ്രസ്, 1951), 178. സമ്മേഴ്സ് നൽകിയത്, ഈ ജി. ഹാർഡി, *ക്രിസ്ത്യാനിറ്റി ആന്റ് ദ റോമൻ ഗവൺമെന്റ്* (ന്യൂയോർക്ക്: മാക്മില്ലൻ കമ്പനി., 1925). കൈസറിനെയും ചക്രവർത്തിയേയും നമസ്ക്കരിക്കണമെന്ന വിശദാംശങ്ങൾ സർ വില്യം രാംസേയുടെ *ദ*

*ലെറ്റേഴ്സ് ടു ദ സെവെൻ ചർച്ചസ്* എന്ന പുസ്തകത്തിലുണ്ട് (ന്യുയോർക്ക്: ഹോഡർ ആന്റ് സ്റ്റൗട്ടൻ, 1904). [19]ഫ്രാങ്ക് പാക്ക്, *റെവലേഷൻ, പാർട്ട് 2, ദ ലിവിങ്ങ് വേഡ് സീരീസ്* (ആസ്റ്റിൻ, ടെക്സ്.: ആർ ബി. സ്വീറ്റ് കമ്പനി., 1965), 11. [20]പ്ലിനി *എപിസ്റ്റുലേ*, 96, ട്രാൻസ്, ആർ. എച്ച്. ബെയിൻടൺ, ക്രിസ്റ്റൻഡം, വാല്യം. 1 (ന്യുയോർക്ക്.: ഹാർപർ ആന്റ് റോ, 1966), 57. ഈ എഴുത്ത് എഴുതപ്പെട്ടത്, ഏതാണ്ട് ഏ. ഡി. 111–13 ലാണ്.

[21]ആൽബർട്ട് എച്ച്. ബാൽഡിഞ്ചർ, *പ്രീച്ചിങ്ങ് ഫ്രം റെവലേഷൻ: ടൈമിലി മെസേജ് ഫോർ ട്രബിൾഡ് ഹാർട്ട്സ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1960), 68. [22]മാർട്ടിൻ എച്ച്. ഫ്രാൻസ്മാൻ, *ദ റെവലേഷൻ ടു ജോൺ* (സെന്റ്. ലൂയിസ്, മോ: കൺകോഡിയ പബ്ലിഷിങ്ങ് ഹൗസ്, 1976), 96. [23]വില്യം ബാർക്ലേ, *ദ റെവലേഷൻ ഓഫ് ജോൺ*, വാല്യം. 2, റെവ. എഡി., ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1976), 98. [24]വാക്യം 4 അനുസരിച്ച്, മൃഗത്തെ നമസ്ക്കരിക്കുന്നത് (ചക്രവർത്തിയെ) സർപ്പത്തെ നമസ്ക്കരിക്കുന്നതിനു തുല്യമാണ് (പിശാചിനെ). ഞങ്ങളുടെ സമൂഹത്തിൽ “പിശാചിനെ നമസ്ക്കരിക്കുന്നവർ” ഉണ്ടെന്ന വിവരം ലഭിച്ചപ്പോൾ എന്റെ ചില സ്നേഹിതന്മാർ അസ്വസ്ഥരായി. ദൈവത്തേക്കാളധികം മറ്റേതിനു മുൻഗണന കൊടുക്കുന്നതും “പിശാചിനെ നമസ്ക്കരിക്കുന്നതാണ്” എന്ന കാര്യം അവർ വിസ്മരിക്കുകയാണ്. [25]വിഗ്രഹാരാധനയെ കുറിച്ച് കൂടുതൽ അറിയുവാൻ, റോമർ 1:21-23, 25; 1 യോഹന്നാൻ 5:21 നോക്കുക. [26]ബാൽഡിഞ്ചർ, 69. [27]ഹോമർ ഹെയ്‌ലി, *റെവലേഷൻ: ആൻ ഇൽട്രൊഡക്ഷൻ ആന്റ് കമെന്ററി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1979), 293. [28]നാം 11:3–14 പഠിച്ചപ്പോൾ, ദൈവസഹായത്തോടെ നടന്ന അത്ഭുതങ്ങൾ പറഞ്ഞിരിക്കുന്നത് പൊതുവിൽ, ആലങ്കാരികമായാണെന്ന് തീർച്ചപ്പെടുത്തുകയുണ്ടായി. എങ്ങനെയായാലും, ഒന്നാം നൂറ്റാണ്ടിലെ ദൈവശ്വാസിയ ദാസന്മാർക്ക് അത്ഭുതം ചെയ്യുവാൻ കഴിഞ്ഞിരുന്നു എന്നത് വാസ്തവമാണ് (മർക്കൊസ് 16:17–20). ആ അത്ഭുതങ്ങൾ അവർ പ്രസംഗിച്ചത് ദൈവവചനമാണെന്ന് *ഉറപ്പിച്ചു* (എബ്രായർ 2:3, 4). ആ അത്ഭുതങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് ഇന്ന് അതേ ഉദ്ദേശം നിറവേറ്റുന്നു (യോഹന്നാൻ 20:30, 31). [29]ഈ വേദഭാഗത്ത്, കള്ളപ്രവാചകന്, ഭൂമിയിൽ മനസ് വെച്ചിരിക്കുന്ന അവിശ്വാസികളെ, ഭൂ - വാസികളെ വഞ്ചിക്കുവാൻ മാത്രമെ കഴിയു. മറ്റൊരു വാക്കിൽ പറഞ്ഞാൽ, കണ്ണടച്ചുവിശ്വസിക്കുന്നവരെ അവൻ വഞ്ചിക്കും, എങ്കിലും, ഭൂമിയിൽ മനസ് വെക്കുന്ന *ക്രിസ്ത്യാനികളെയും*, അവൻ വഞ്ചിക്കും. [30]“ഒരു റോമൻ ഉദ്യോഗസ്ഥനോ, അല്ലെങ്കിൽ നാടുവാഴിയോ, കൈസറിന്റെ ബിംബം ഉണ്ടാക്കി ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചാൽ, ആളുകളെ പ്രീതിപ്പെടുത്തുന്ന ചില അത്ഭുതങ്ങൾ അവിടെ നടത്തും” (എഡ്വേർഡ് മയേഴ്സ്, *ആഫ്ടർ ദീസ് തിങ്സ് ഐ സാ: എ സ്റ്റഡി ഓഫ് റെവലേഷൻ* [ജോപ്ലിൻ, മോ: കോളേജ് പബ്ലിഷിങ്ങ് കമ്പനി., 1997], 241).

[31]അഡേലാ യാഡ്ബ്രോ കോളിൻസ്, *ദ അപോകാലിപ്സ്* (വിൽമിങ്ടൻ: ഡെൽമൈക്കൽ ഗ്ലാസിയർ, 1979), 96. [32]“പൂർണ്ണമായത്” വരുമ്പോൾ അത്ഭുതവരങ്ങൾ നിന്നുപോകുമെന്ന് ഒന്ന് കൊരിന്ത്യർ 13 പഠിപ്പിക്കുന്നു (വാ. 10). മൂലഭാഷയിൽ, “പൂർണ്ണമായത്” നപുംസകമാണ്. ദൈവത്തിന്റെ വചനം, ആണ് “പൂർണ്ണവും”, “തികവും” ഉള്ളത് (യാക്കൊബ് 1:25). അവസാനമായി എഴുതപ്പെട്ടതു വെളിപ്പാടായതുകൊണ്ട്, അതോടുകൂടി വചനം പൂർണ്ണമായി. ബുക്കുകൾ എല്ലാം കൂടെ ചേർത്ത് പുതിയനിയമം മുഴുവൻ പൂർണ്ണമാകുവാൻ കുറെ സമയം എടുത്തു എന്നതു വാസ്തവമാണ്. ഒന്നാം നൂറ്റാണ്ടിലെ അത്ഭുതപ്രവൃത്തികൾ നാം പരിശോധിച്ചാൽ, പുതിയനിയമം പൂർണ്ണമായി എഴുതപ്പെട്ടുകഴിഞ്ഞതോടെ അത്ഭുതങ്ങൾ നിന്നു പോയതായി കാണാം. അപ്പൊസ്തലന്മാരും അവരുടെ കൈവെപ്പ് ലഭിച്ചവരും മരിച്ചശേഷം

മറ്റാർക്കും അത്ഭുതം ചെയ്യുവാനുള്ള കഴിവ് കൊടുത്തിട്ടില്ല. [33]*വെളിപ്പാട്, 3* എന്ന പുസ്തകത്തിലെ, "എതിർ ക്രിസ്തുവും വെളിപ്പാടും" എന്ന പാഠത്തിൽ, 2 തെസലൊനിക്യർ 2:8 ലെ "അധർമ്മമൂർത്തി" യെ കുറിച്ച് ചില വിവരങ്ങളുണ്ട്. [34]ബൈബിൾ കാലത്തെ ആഭിചാര പശ്ചാത്തലം അറിയുവാൻ, *ട്രൂത്ത് ഫോർ റ്റുടേയുടെ പ്രവൃത്തികൾ, 2,* എന്ന പുസ്തകത്തിലെ "ആഭിചാരക്കാരന്റെ പരിവർത്തനം" എന്ന പാഠം നോക്കുക. [35]ഫിനെയാസ് ടെയ്‌ലർ ബാർണം (1810–91) ഒരു ഫ്ളേബോയന്റ് അമേരിക്കൻ ഷോമാനായിരുന്നു, ഒരുപക്ഷെ നന്നായി അറിയപ്പെട്ടത് ബാർണം & ബെയ്‌ലി സർക്കസിലായിരുന്നേക്കാം. [36]അത്ഭുതരോഗശാന്തിയിൽ വിശ്വസിക്കുന്ന എല്ലാവരും തട്ടിപ്പാണ് എന്ന വിധത്തിൽ എന്റെ പ്രസ്താവനകൾ എടുക്കരുത്. കരിസ്മാറ്റിക് പ്രസ്ഥാനത്തിലുള്ള ചിലർ സത്യസന്ധരും ആത്മാർത്ഥതയുമുള്ളവരാണ് എന്ന് എനിക്ക് അറിയാം - അവർ ആത്മാർത്ഥതയോടെ വഞ്ചിക്കപ്പെട്ടിരിക്കയാണ്. എന്നാൽ വലിയ തോതിൽ വേദി ഒരുക്കി "രോഗശാന്തി ശുശ്രൂഷ" എന്ന പേരിൽ പലരും വഞ്ചനയും ചതിയുമാണ് ചെയ്യുന്നത്. ഇത് ഞാൻ വിധിക്കുകയാണെങ്കിൽ, ദൈവം എന്നോട് ക്ഷമിക്കട്ടെ. [37]സെബാസ്റ്റ്യൻ ബ്രാന്റ് (സി. 1458–1521) *ദ ഷിപ് ഓഫ് ഫൂൾസ്* (1494) ക്വോട്ടഡ് ഇൻ ജോൺ ബാർലെറ്റ്, ബാർലെറ്റ്സ് ഫെമിലിയർ ക്വട്ടേഷൻസ്, 16 ത് എഡി., ജെന. എഡി. ജസ്റ്റിൻ കാപ്ളിൻ (ബോസ്റ്റൻ: ലിറ്റിൽ ബ്രൗൺ ആന്റ് കമ്പനി., 1992), 135. [38]ശവാവരണത്തുണിയെ സംബന്ധിച്ച ധാരാളം വിവരങ്ങൾ എന്റെ പക്കലുണ്ട്, അത് യേശുവിന്റെ മൃതശരീരം കല്ലറയിൽ അടക്കിയപ്പോൾ, ചുറ്റിയതാണെന്നാണ് അവകാശപ്പെടുന്നത്. ആ അവകാശം ശരിയാണെന്നതിനു തെളിവൊന്നുമില്ല: (1) അതിന്റെ തീയതി കണക്കാക്കപ്പെടുന്നത് പുതിയനിയമ കാലത്തിനു ശേഷമാണ്. (അന്നത്തെ കോൺസ്റ്റൻടിനോപ്പിളിൽ [ഇന്നത്തെ ഇസ്റ്റൻബുൾ] അതിന്റെ ചരിത്രം 1171 വരെ അജ്ഞാതമായിരുന്നു.) (2) സുവിശേഷവിവരണമനുസരിച്ച്, യേശുവിന്റെ ശരീരം അതുപോലെ ആവരണം ചുറ്റിയിരു*ന്നില്ല*. (3) ആ രൂപം യേശുവിന്റേതാണെന്നതിന് തെളിവില്ല (അക്കാലത്ത് അവനോട് മാത്രമല്ല അങ്ങനെ മോശമായി പെരുമാറിയിരുന്നത്) അത്തരം ഭൗതികമായ വസ്തുക്കളെ ആദരിക്കൽ ദൈവം ഇഷ്ടപ്പെടുകയില്ല. [39]ഒരു പ്രതിമ കണ്ണുനീരൊഴുക്കുന്നു എന്നോ അതിൽ രക്തം ഒഴുകുന്നു എന്നോ കരുതുന്നതിന് പല വിശദീകരണങ്ങളുള്ളതിൽ ഒന്ന് ചുറ്റുമുള്ള അന്തരീക്ഷത്തിലെ ഊഷ്മാവിനേക്കാൾ തണുപ്പ് അനുഭവപ്പെട്ടാൽ അങ്ങനെ സംഭവിക്കുന്നതാണ് ഒരു രീതിയിലുള്ള വ്യാജ-മായ തെറ്റിദ്ധരിപ്പിക്കൽ. [40]പരാജയപ്പെട്ട ഭടനെയും, അനുസരിക്കാതിരുന്ന അടിമയെയും മദ്ര കുത്തിയിരുന്നതായി പുരാതന രേഖകൾ വ്യക്തമാക്കുന്നു.

[41]മെറിൽ സി. ടെനി, *പ്രൊക്ലെയിമിങ്ങ് ദ ന്യൂടെസ്റ്റമെന്റ്: ദ ബുക്ക് ഓഫ് റെവലേഷൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1963), 68. [42]"മുദ്ര" എന്നു പറയുന്നത് രേഖകളിലും സ്റ്റാമ്പിലും പതിപ്പിക്കുന്ന മുദ്രണമാണെന്നാണ് ചിലർ കരുതുന്നത്. [43]ഒരു "ബാർ കോഡ്," അല്ലെങ്കിൽ "സാർവ്വലൗകികമായ ഉൽപന്ന കോഡ്" എന്നു പറയുന്നത്, ഒരു ഉൽപന്നത്തിന്റെ കവറിൽ അടിച്ചിരിക്കുന്നതാണ്, "കോഡിൽ" ഉൽപന്നത്തിന്റെ പേരും വിലയും, മറ്റുവിവരങ്ങളും രേഖപ്പെടുത്തിയിരിക്കുന്നത്, ഇലക്ട്രോണിക് ഉപകരണം ഉപയോഗിച്ച് വായിക്കാം. [44]പറയാവുന്ന മറ്റു കാഴ്ച്ചപ്പാടുകളെയും തള്ളിക്കളയണം. "ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ (ഞായറാഴ്ച്ച) ആരാധന" "മൃഗത്തിന്റെ മുദ്രയിൽ" പെടുന്നതാണെന്ന ശബ്ബത്തു-കാരുടെ അവകാശമാണ് ഏറ്റവും അസാധാരണമായത്. [45]*വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ "കൊടുങ്കാറ്റിനു മദ്ധ്യേയുള്ള ശാന്തത" എന്ന പാഠത്തിലെ 144,000 പേരുടെ *നെറ്റിയിൽ* മുദ്രയിട്ടതിനെ കുറിച്ചു പറഞ്ഞിരിക്കുന്നത് നോക്കുക. [46]നെറ്റിയിൽ മുദ്രയിട്ടത് സൂചി

പ്പിക്കുന്നത് അവരുടെ *ചിന്തയെ* ബാധിച്ചിരിക്കുന്നു എന്നും; കൈമേൽ മുദ്രയിട്ടിരിക്കുന്നത് അവരുടെ *പ്രവൃത്തികളെ* ബാധിച്ചിരിക്കുന്നു എന്നുമാണ് തെളിയുന്നത്. [47]പാക്ക്, 11 ഡബ്ലിയു. ബി. വെസ്റ്റ് ജൂനിയേഴ്സ് കമെന്ററിയിൽ ആ സർട്ടിഫിക്കറ്റിനെ കുറിച്ച് പറയുന്നുണ്ട് (*റെവലേഷൻ ത്രു ഫസ്റ്റ് സെഞ്ചുറി ഗ്ലാസസ്*, എഡി. ബോബ് പ്രിച്ചാർഡ് [നാഷ്വില്ലേ: ഗോസ്പൽ അഡ്വൊക്കേറ്റ് കമ്പനി., 1997], 95). [48]ടെനി, 66. [49]ചക്രവർത്തി ദൈവമാണെന്ന് മുദ്രണം ചെയ്ത നാണയങ്ങൾ പോലും ക്രിസ്ത്യാനികൾ സ്വീകരിപ്പാൻ മടിച്ചത്, അവരെ സാമ്പത്തിക ഞെരുക്കത്തിലാഴ്ത്തി എന്ന് ചിലർ കരുതുന്നു. [50]ആയിരമാണ്ട് വാഴ്ച്ച്ക്കാർ ആ സമീപനം എടുക്കുകയില്ല കാരണം, അതുകൊണ്ട് മൃഗം, യോഹന്നാന്റെ കാലത്ത് ജീവിച്ച ഒരു വ്യക്തിയായിട്ടല്ല, ഭാവിയിൽ വരുവാനിരിക്കുന്ന അ-സാധാരണ വ്യക്തിയായി കണക്കാക്കുന്നു. ആയിരമാണ്ട് വാഴ്ച്ചക്കാരുടെ ഒരു സമീപനം, "ആ വാക്യം പറയുന്നത് എന്തെന്ന് ആർക്കും അറിയില്ല - മൃഗം വരുമ്പോൾ മാത്രമേ അറിയാവു" വെളിപ്പാടുപുസ്തകത്തിന്റെ മുഴുവൻ ഉദ്ദേശത്തിനും പദ്ധതിക്കും അത് എതിരായതുകൊണ്ട് ആ സമീപനത്തെ തള്ളിക്കളയണം.

[51]"അത് ചേർക്കുന്നില്ല!" എന്ന അടുത്ത പാഠം നോക്കുക. [52]ഫ്രാൻസ്മാൻ, 98. [53]വില്യം ഹെൻഡ്രിക്സൺ, *മോർ ദാൻ കോൺകറേഴ്സ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1954), 273. [54]കെജെവിയിൽ 21:17 അക്ഷരിക തർജിമയാണുള്ളത്: "ഒരു മനുഷ്യന്റെ അളവ്" എന്നാണ്, എൻഏഎസ്ബിയിൽ, "മാനുഷ അളവ്" എന്നാണ്. [55]ജിം മാക്മില്ലൻ, *ദ ബുക്ക് ഓഫ് റെവലേഷൻ*, ലുക്കിങ് ഇൻടു ദ ബൈബിൾ സീരീസ് (ലബ്ബക്, ടെക്സ്.: ഇന്റർനാഷ്ണൽ ബിബ്ലിക്കൽ റിസോഴ്സസ്, 1976), 205. മനുഷ്യനെ ആറാം ദിവസം സൃഷ്ടിച്ചതുകൊണ്ട് മനുഷ്യന്റെ സംഖ്യ "ആറ്" എന്ന് ചിലർ കരുതുന്നു. [56]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "ഇവിടെ, ഇതാ സർപ്പം" എന്ന പാഠം നോക്കുക. [57]ഹെൻഡ്രിക്സൺ, 182. [58]ഇത് എടുത്തിരിക്കുന്നത് എഴുത്തുകാരന്റെ പേരറിയാത്ത കവിതയിൽനിന്നും ജോൺ ജെ. വാൻഗാഡെർ, *ഏബിസി ഓഫ് ദ റെവലേഷൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1952), 120. [59]ഇത് ഒരു പ്രസംഗമായി അവതരിപ്പിക്കുകയാണെങ്കിൽ, കർത്താവിനെ അനുസരിക്കുന്നത് എങ്ങനെ എന്ന് വ്യക്തമാക്കുക. [60]ടെനി, 68-70.

[61]ചാൾസ് കാൽഡ്വെൽ റിയറി, *റെവലേഷൻ* (ഷിക്കാഗോ: മൂഡി പ്രസ്, 1968), 82-87.


---

## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. അദ്ധ്യായം 13-ൽ സർപ്പത്തിന്റെ *ഭീഷണിപ്പെടുത്തിയ ഏജന്റ്* ആരായിരുന്നു? ആരായിരുന്നു സർപ്പത്തിന്റെ *വഞ്ചകനായ* ഏജന്റ്?
2. ഏതു രീതിയിലാണ് കരജന്തു വഞ്ചകനായി കാണപ്പെട്ടത്?
3. കരജന്തുവിനെ വെളിപ്പാടിൽ മറ്റുഭാഗങ്ങളിൽ എന്തായി അറിയപ്പെടുന്നു?
4. കരജന്തുവിന് എത്രത്തോളം അധികാരം ഉണ്ടായിരുന്നു?
5. പാഠമനുസരിച്ച്, കരജന്തു ഉപദ്രവിക്കപ്പെട്ട ക്രിസ്ത്യാനികൾക്ക് എന്തായിട്ടായിരുന്നു പ്രതിനിധീകരിച്ചിരുന്നത്?
6. ബിംബങ്ങളെയും രൂപങ്ങളെയും ആരാധിക്കുന്നതിനെ ബൈബിൾ നിശിതമായി ഖണ്ഡിച്ചിരിക്കുന്നു. അങ്ങനെ ചെയ്യുവാൻ കാരണം

എന്താണ്?

7. സാത്താൻ ഇന്നും നമ്മെ വഞ്ചിക്കുമോ? അവന്റെ ചില രീതികൾ ബാഹ്യരൂപരേഖയിൽ. കൊടുത്തിരിക്കുന്നു. മറ്റുള്ളവ നിങ്ങൾക്ക് ചിന്തിക്കുവാൻ കഴിയുമോ?
8. യോഹന്നാന്റെ കാലത്ത്, കര ജന്തു അത്ഭുതം ചെയ്യുന്നുവെന്ന് തോന്നിപ്പിച്ചോ? അത്ഭുതം ചെയ്യുവാനുള്ള കഴിവ് (അല്ലെങ്കിൽ അത്ഭുതം ചെയ്യുന്നുവെന്ന് തോന്നിപ്പിക്കുന്നത് ദൈവത്താൽ-അംഗീകരിക്കുന്നത് എന്നതിന്റെ തെളിവ് ആണോ?
9. ദൈവവചനം സംസാരിക്കുന്നു എന്നവകാശപ്പെടുന്നത് എന്തു പരിശോധനയാണ് നാം നടത്തേണ്ടത്?
10. "മൃഗത്തിൻ മുദ്ര" ആളുകളിൽ അക്ഷരികമായിരുന്നോ? മൃഗത്തിന്റെ മുദ്രയും കുഞ്ഞാടിന്റെ മുദ്രയും തമ്മിൽ താരതമ്യം ചെയ്യുക.
11. വെളിപ്പാട് പുസ്തകത്തിൽ, "ആറ്" എന്ന സംഖ്യയുടെ ആലങ്കാരിക അർത്ഥം എന്ത്? സംഖ്യ മൂന്നു പ്രാവശ്യം ആവർത്തിച്ചാൽ അതിന്റെ പ്രാധാന്യമെന്ത്?
12. സാത്താൻ നിങ്ങളെ എപ്പോഴെങ്കിലും ചതിച്ചിട്ടുണ്ടോ? അനുഭവത്തിൽനിന്ന് നിങ്ങൾ എന്താണ് പഠിച്ചത്?



ഭൂമിയിൽനിന്നുള്ള ജന്തുവും മുദ്രയും (13:11–18)